بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 4

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 46

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 നവംബർ 14/ഹി:ശം:1398 നുബുവ്വത്ത് 14/ഹി:ഖ: 1441 റബീഉൽ അവ്വൽ 16


## അല്ലാഹുവിന്റെ വചനം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡۤا اِنۡ تُطِیۡعُوا الَّذِیۡنَ کَفَرُوۡا یَرُدُّوۡکُمۡ عَلٰۤی اَعۡقَابِکُمۡ فَتَنۡقَلِبُوۡا خٰسِرِیۡنَ (آل عمران:150)

'വിശ്വസിച്ചവരേ! നിങ്ങൾ അവിശ്വാസികളെ അനുസരിക്കുന്നതായാൽ അവർ നിങ്ങളെ നിങ്ങളുടെ കുതികാലുകളിന്മേൽ പിന്തിരിപ്പിച്ചുകളയും; അപ്പോൾ നിങ്ങൾ നഷ്ടപ്പെട്ടവരായി തീരുന്നതാണ്.'(3:150)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**എന്റെ സ്നേഹിതന്മാർ എല്ലാതരത്തിലുള്ള സൗഖ്യത്തോടും സന്തോഷത്തോടുംകൂടി ജീവിക്കണമെന്ന ചിന്തയിലും വിചാരത്തിലുമാണ് ഞാനുള്ളത്. ഈ സഹതാപവും അനുകമ്പയും ഏതെങ്കിലും ജാഡയുടേയോ ബാഹ്യപ്രകടനത്തിന്റേയോ അടിസ്ഥാനത്തിലുള്ളതല്ല. പ്രത്യുത മാതാവ് അവർക്ക് എത്രമക്കളുണ്ടെങ്കിലും അവരിൽ എല്ലാ ഓരോരുത്തരും സൗഖ്യത്തിലും ഐശ്വര്യത്തിലും ജീവിക്കണമെന്ന ചിന്തയിൽ മുങ്ങിയിരിക്കുന്നതുപോലെയാണിത്. ഇപ്രകാരം ഞാൻ അല്ലാഹുവിനുവേണ്ടി എന്റെ സുഹൃത്തുക്കളോടു ദയാവായ്പും അനുകമ്പയും എന്റെ മനസ്സിൽ കാണുന്നു.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

### സഹോദരന്മാരെ ഓർത്ത് സഹതാപവും അനുകമ്പയും

നമ്മുടെ സുഹൃത്തുക്കളുടെ നമ്മളുമായിട്ടുള്ള ബന്ധം ശാരീരികാവയവങ്ങൾപോലെയാണ്. ചെറുതിൽ ചെറുതായ ഒരു അവയവത്തിനുപേലും ഉദാഹരണത്തിന് വിരൽതുമ്പിൽ വേദന ഉണ്ടായാലും ശരീരം മുഴുവൻ അസ്വസ്ഥതയും ഗതിമുട്ടിയവനും ആയിത്തീരുന്നുവെന്നത് നിത്യജീവിതത്തിൽ നമ്മൾ അനുഭവിച്ചുവരുന്നതാണ്. ശരിക്കും അതുപോലെ എപ്പോഴും ഓരോ നിമിഷവും എന്റെ സ്നേഹിതന്മാർ എല്ലാതരത്തിലുള്ള സൗഖ്യത്തോടും സന്തോഷത്തോടുംകൂടി ജീവിക്കണമെന്നുള്ള ചിന്തയിലും വിചാരത്തിലുമാണ് ഞാനുള്ളതെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നു. ഈ സഹതാപവും അനുകമ്പയും ഏതെങ്കിലും ജാഡയുടേയോ ബാഹ്യപ്രകടനത്തിന്റേയോ അടിസ്ഥാനത്തിലുള്ളതല്ല. പ്രത്യുത മാതാവ് അവർക്ക് എത്രമക്കളുണ്ടെങ്കിലും അവരിൽ എല്ലാ ഓരോരുത്തരും സൗഖ്യത്തിലും ഐശ്വര്യത്തിലും ജീവിക്കണമെന്ന ചിന്തയിൽ മുങ്ങിയിരിക്കുന്നതുപോലെയാണിത്. ഇപ്രകാരം ഞാൻ അല്ലാഹുവിനുവേണ്ടി എന്റെ സുഹൃത്തുക്കളോടു ദയാവായ്പും അനുകമ്പയും എന്റെ മനസ്സിൽ കാണുന്നു. ഈ സഹതാപം എങ്ങനെയുള്ള വിഷമാവസ്ഥയിലാണുണ്ടാകുന്നതെന്നാൽ നമ്മുടെ സ്നേഹിതന്മാരിൽ ആർക്കെങ്കിലും ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടോ രോഗമോ ഉണ്ടായിരിക്കുന്നുവെന്നുള്ള വിവരം കത്തുമുഖേന അറിയുമ്പോൾ ശരീരത്തിൽ ഒരു സമാധാനമില്ലായ്മയും പൊറുതികേടും ഉണ്ടാകുന്നു. ഒരു ദുഃഖം കൂടെച്ചേരുന്നു. സഹോദരങ്ങളുടെ വർധന ഉണ്ടാകുന്നതനുസരിച്ച് ദുഃഖവും വർധിച്ചുകൊണ്ടിരിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള ചിന്തയുടേയും ദുഃഖത്തിന്റേയോ അവസ്ഥ ഇല്ലാത്തതായ ഒരു സമയവും ഉണ്ടാകാറില്ല. കാരണം ഇത്രമാത്രം അധികം സ്നേഹിതന്മാരിൽനിന്ന് ആരെങ്കിലും ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടിലോ വിഷമത്തിലോ അകപ്പെടാറുണ്ട്. അതറിയുമ്പോൾ ഇവിടെ മനസ്സിൽ ആധിയും അസ്വസ്ഥതയും ഉണ്ടാകുന്നു. എത്രത്തോളം സമയമാണ് വിഷമങ്ങളിലൂടെ കടക്കുന്നതെന്ന് എനിക്ക് പറയാൻ സാധിക്കുകയില്ല. കാരണം അല്ലാഹു അല്ലാതെ മറ്റാർക്കും അത്തരം ദുഃഖങ്ങളിൽനിന്നും ചിന്തകളിൽനിന്നും മോചനം നല്കാൻ കഴിയുകയില്ല. അതുകൊണ്ട് ഞാനെപ്പോഴും ദുആ ചെയ്തുകൊണ്ടേയിരിക്കുന്നു. ഏറ്റവും മുന്തിക്കുന്ന ദുആ എന്റെ സ്നേഹിതന്മാരെ വിഷമങ്ങളിൽനിന്നും ദുഃഖങ്ങളിൽനിന്നും കാത്തു രക്ഷിക്കേണമേ എന്നതാണ്. കാരണം അവരുടെ ചിന്തകളും വിഷമങ്ങളുമാണ് എന്നെ ദുഃഖത്തിലാഴ്ത്തുന്നത്. പിന്നീട് ഇങ്ങനെയൊരു ദുആ മൊത്തമായ നിലയിൽ ചെയ്യാറുണ്ട്; ആർക്കെങ്കിലും എന്തെങ്കിലും വിഷമമോ ബുദ്ധിമുട്ടോ ഉണ്ടായിട്ടുണ്ടെങ്കിൽ അല്ലാഹു അവരെ അതിൽനിന്ന് കരകയറ്റുമാറാകട്ടെ. അല്ലാഹുവിനോടു ദുആ ചെയ്യുന്നതിനാണ് സകല ഉത്സാഹവും തികഞ്ഞ ആവേശവുമുള്ളത്. ദുആയുടെ സ്വീകാര്യത്തിൽ വലിയ വലിയ പ്രതീക്ഷകളാണുള്ളത്.

### ദുആ സ്വീകാര്യതയുടെ അടിസ്ഥാനതത്ത്വം

ഉദാരനായ എന്റെ അല്ലാഹുവിന്റെ തെളിമയാർന്ന *ഉജീബു കുല്ല ദുആഇക്ക* എന്ന വാഗ്ദാനം എന്നോടൊപ്പമുണ്ട്. എന്നാൽ, 'കുല്ല' എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ദുആ കേൾക്കാത്തതുകൊണ്ട് വിഷമം ഉണ്ടാകുന്നുവെങ്കിൽ അല്ലാഹു ശിക്ഷണവും പരിഷ്കരണവും ആഗ്രഹിക്കുന്നുവെന്നാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അപ്പോൾ ദുആ റദ്ദു ചെയ്യുന്നതു തന്നെയാണ് ദുആ സ്വീകാര്യത. ചില നേരത്ത് മനുഷ്യൻ ഏതെങ്കിലും ദുആയിൽ പരാജയപ്പെട്ടവനാകാറുണ്ട്. അല്ലാഹു ദുആ റദ്ദാക്കിയെന്ന് മനസ്സിലാക്കുന്നു. വാസ്തവത്തിൽ അല്ലാഹു അവന്റെ ദുആ കേട്ടിട്ടുണ്ട്. അതിന്റെ സ്വീകരണം അത് റദ്ദു ചെയ്യുന്നതുതന്നെയാണ്. കാരണം അവന് ഗോപ്യമായും യഥാർഥത്തിലും മെച്ചവും ഗുണവും അത് റദ്ദാക്കിയതിലായിരിക്കും. മനുഷ്യൻ ദീർഘദൃഷ്ടി ഇല്ലാത്തവനാണ്. ദീർഘവീക്ഷണമുള്ളവനല്ല. മറിച്ച് ബാഹ്യപൂജകനാണ്. അതുകൊണ്ട് അല്ലാഹുവിനോടു എന്തെങ്കിലും ദുആ ചെയ്യുമ്പോൾ ബാഹ്യമായി നോക്കുമ്പോൾ അതിന് ഫലപ്രദമായ താൽപര്യമൊന്നും ലഭിക്കുന്നില്ലെങ്കിലും തന്റെ ദുആ സ്വീകരിച്ചില്ലെന്നു കരുതി അല്ലാഹുവിനെ തെറ്റുധരിക്കരുത്. അവൻ എല്ലാവരുടേയും ദുആ സ്വീകരിക്കുന്നുണ്ട്. *ഉദ്ഊനീ അസ്തജിബ് ലക്കും* നിങ്ങൾ എന്നോടു പ്രാർഥിക്കുക ഞാൻ നിങ്ങൾക്ക് ഉത്തരം നല്കും(40:61) എന്നു പറയുന്നു. അതിലെ രഹസ്യം ദുആ ചെയ്യുന്നവന് നന്മയും ഗുണവും ആ ദുആ സ്വീകരിക്കാത്തതിലായിരിക്കും എന്നതാണ്.

ദുആയുടെ അടിസ്ഥാനപരമായ തത്ത്വം ഇതാണ്. ദുആ സ്വീകാര്യതയിൽ അല്ലാഹു നമ്മുടെ ആശങ്കയ്ക്കും ആഗ്രഹത്തിനും വിധേയനൊന്നുമല്ല. നോക്കുക! കുട്ടികൾ മാതാപിതാക്കൾക്ക് എത്രമാത്രം പ്രിയങ്കരമാണ്. അവർക്കും ഒരുതരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകുതെന്ന് അവർ ആഗ്രഹിക്കുന്നു. എന്നാൽ, കുട്ടികൾ വ്യർഥമായ നിലയിൽ വാശിപിടിക്കുകയും നിഷേധിക്കപ്പെട്ട വസ്തു കത്തിയോ തീക്കട്ടയോ ജ്വലിക്കുന്ന തീപ്പൊരിയോ ചോദിച്ചാൽ മാതാവിന് സത്യസന്ധമായ സ്നേഹവും യഥാർഥമായ ദയാവായ്പും ഉണ്ടായിട്ടും ആ കുട്ടി തീയെടുത്ത് കൈപൊള്ളിക്കുന്നത് ഒരിക്കലും സഹിക്കുകയില്ല. അല്ലെങ്കിൽ കത്തിയെടുത്ത് മുറിവേല്പിക്കുന്നത് സഹിക്കുമോ? ഒരിക്കലുമില്ല. ഇതേ അടിസ്ഥാനപരമായ തത്ത്വത്തിൽനിന്ന് ദുആ സ്വീകാര്യതയുടെ തത്ത്വവും മനസ്സിലാക്കാവുന്നതാണ്. എനിക്കുതന്നെയും അനുഭവമുള്ള കാര്യമാണിത്. ദുആയിൽ ഏതെങ്കിലും കാര്യം ദ്രോഹപരമായിട്ടുണ്ടെങ്കിൽ ആ ദുആ ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. ഇക്കാര്യം വളരെ നല്ലവണ്ണം മനസ്സിലാക്കാൻ കഴിയുന്നതാണ്. നമ്മുടെ അറിവും യഥാർഥവും ശരിയും ആയിരിക്കുകയില്ല. ഒരുപാട് ജോലികൾ നമ്മൾ അങ്ങേയറ്റം സന്തോഷത്തോടെ അനുഗൃഹീതമെന്നു കരുതി ചെയ്യാറുണ്ട്. അതിന്റെ ഫലം ഏറ്റവും നല്ലതായിരിക്കുമെന്ന് കരുതുന്നു. എന്നാൽ, അവസാനം അത് ഒരു ദുഃഖവും നാശവുമായി അള്ളി പിടിക്കുന്നു. ചുരുക്കത്തിൽ ഈ മാനുഷികമായ ആഗ്രഹങ്ങൾ എല്ലാവരുടെമേലും എല്ലാം ശരിയാണെന്ന് പറഞ്ഞ് അടിച്ചേൽപിക്കാൻ പറ്റുകയില്ല. കാരണം മറ

(ശേഷം പേജ് 11ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# വിശുദ്ധഖുർആൻ

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**
**(വാഗ്ദത്ത മഹ്ദീ മസീഹ്)**

(റിവ്യു ഓഫ് റിലീജ്യൺസ് എന്ന ഇംഗ്ലീഷ് മാസികയുടെ 2019 ഒക്ടോബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പരിഭാഷ. വിവർത്തകൻ: കെ.വി. ഹസ്സൻകോയ കോഴിക്കോട്)

## വിശുദ്ധഖുർആനിന്റെ അനുയായികൾക്ക് ലഭിച്ച അനുഗ്രഹങ്ങൾ

വിശുദ്ധഖുർആനിന്റെ അനുയായികൾക്ക് നല്കപ്പെടുന്ന അനുഗ്രഹങ്ങൾ, അവർക്ക് ലഭിക്കുന്ന പ്രത്യേക സമ്മാനങ്ങൾ വാക്കുകളിൽ പ്രകടിപ്പിക്കപ്പെടാവുന്നതല്ല. എന്നാൽ, അവയിൽ ചിലതിന്റെ വ്യാപ്തി എത്രത്തോളം മഹത്തായതെന്നാൽ അവ സത്യാന്വേഷികളുടെ മാർഗദർശനത്തിനായി വിശദീകരിക്കുന്നത് ഉചിതമാണ്. പരിപൂർണരായ അനുയായികൾക്ക് നല്കപ്പെടുന്ന ജ്ഞാനവും ഉൾക്കാഴ്ചയും ഇവയിൽപെടുന്നു. ഒരു വ്യക്തി വിശുദ്ധഖുർആനോട് സത്യമായ അനുസരണം പുലർത്തുകയും അതിന്റെ ആജ്ഞകൾ പരിപൂർണമായും നിർവഹിക്കുകയും സമഗ്രമായ സ്നേഹത്തോടും ആത്മാർഥതയോടും കൂടി അതിന്റെ മാർഗദർശനത്തെക്കുറിച്ച് ചിന്തിക്കുകയും ചെയ്താൽ ആ വ്യക്തിയുടെ നിരീക്ഷണത്തിനും ചിന്തയ്ക്കും ഒരു പ്രകാശം നൽകപ്പെടുന്നു. ആ വ്യക്തി സൂക്ഷ്മമായ ഗ്രാഹ്യശക്തിയാൽ സജ്ജീകരിക്കപ്പെടുന്നു. അതുമുഖേന ദൈവവചനത്തിൽ ഗുപ്തമായ ദൈവികജ്ഞാനത്തിന്റെ അത്ഭുതകരമായ നല്ല ആശയങ്ങൾ അയാൾക്ക് അറിയിക്കപ്പെടുന്നു. ശക്തമായ മഴപോലെ നല്ല ഉൾക്കാഴ്ചകൾ അയാളുടെ ഹൃദയത്തിൽ ഇറങ്ങുന്നു. ഈ നല്ല ഉൾക്കാഴ്ചകൾക്ക് വിശുദ്ധഖുർആനിൽ നല്കപ്പെട്ടിട്ടുള്ള പേര് 'യുക്തിജ്ഞാനം' എന്നാണ്.

"താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ യുക്തിജ്ഞാനം നല്കുന്നു. ആർക്കെങ്കിലും യുക്തിജ്ഞാനം നല്കപ്പെട്ടാൽ അവന് വളരെയധികം നന്മകൾ നല്കപ്പെട്ടു(വെന്ന് ഗ്രഹിച്ചുകൊള്ളുക) ബുദ്ധിമാന്മാരല്ലാതെ ആരുംതന്നെ ചിന്തിച്ചു കാര്യങ്ങൾ ഗ്രഹിക്കുന്നില്ല." (2:270) അതായത് യുക്തിജ്ഞാനം ധാരാളമായ നന്മകൾ ഉൾക്കൊള്ളുന്നു; യുക്തിജ്ഞാനം നല്കപ്പെട്ടവർ ധാരാളമായി നന്മ നേടുന്നു. യുക്തിജ്ഞാനം എന്ന് വിളിക്കപ്പെടുന്ന ഈ ജ്ഞാനവും ഗ്രഹണശക്തിയും വ്യാപകമായ രീതിയിൽ ധാരാളമായി നന്മയുൾക്കൊള്ളുന്നതാണ്. അത് വിശാലമായ ഒരു സമുദ്രം പോലെയാണ്. ദൈവവചനത്തിന്റെ അനുയായികൾക്ക് അത് നല്കപ്പെട്ടിരിക്കുകയാണ്. അവരുടെ നിരീക്ഷണവും ചിന്തയും അനുഗൃഹീതമാണ്. എത്രത്തോളമെന്നാൽ ആ ഉന്നതമായ യാഥാർഥ്യങ്ങൾ ഒരു കണ്ണാടിയിലെന്നപോലെ അവരുടെ ആത്മാക്കളിൽ പ്രതിഫലിക്കുന്നു. സമഗ്രമായ സത്യങ്ങൾ അവർക്ക് വെളിപ്പെടുത്തപ്പെടുന്ന ഓരോ ഗവേഷണാവസരത്തിലും ദൈവിക പിന്തുണ അവർക്കുണ്ടാവുന്നതിനാൽ അവർ മുന്നോട്ടുവയ്ക്കുന്ന കാര്യങ്ങൾ അപൂർണമോ ന്യൂനതയുള്ളതോ ആവുകയില്ല. അവ തെറ്റുകളിൽനിന്നു വിമുക്തമായിരിക്കും. അതുകൊണ്ട് അവരുടെ ജ്ഞാനവും ഉൾക്കാഴ്ചകളും യാഥാർഥ്യങ്ങളും നല്ല ആശയങ്ങളും വാദഗതിയും അവർ നല്കുന്ന തെളിവുകളും സമഗ്രവും പരിപൂർണവുമായിരിക്കും. അത് സാധാരണ മനുഷ്യരിൽനിന്ന് മറ്റു ജനങ്ങളിൽ ഉന്നതവും തുല്യതയില്ലാത്തതുമായിരിക്കും. അവരുടെ മനസ്സുകളിൽനിന്ന് സ്വയം ഉയർന്നുവരുന്നതല്ല. ഗോപ്യമായ ധാരണാശക്തിയിൽനിന്നും ദൈവികമായ പിന്തുണയിൽനിന്നും മാർഗദർശനം ചെയ്യപ്പെട്ടവയായിരിക്കും. വിശുദ്ധഖുർആനിന്റെ നിഗൂഢതകളിൽനിന്നും പ്രകാശങ്ങളിൽനിന്നും അവ ജ്വലിക്കുന്നു. അത് ബുദ്ധിയുടെ പുക നിറഞ്ഞ പ്രകാശത്തിൽനിന്നു മാത്രം കൈവരിക്കാൻ സാധ്യമല്ല. അവർക്ക് നല്കപ്പെടുന്ന ഈ ജ്ഞാനവും ഉൾക്കാഴ്ചയും നല്ല ആശയങ്ങളും അഗാധമായ ഉൾക്കാഴ്ചകളും ദൈവത്തിന്റെ സത്തയേയും ഗുണങ്ങളേയും മരണാനന്തര ജീവിതത്തെയും ബാധിക്കുന്നതാണ്. അത് ആത്മീയപ്രകൃതിയുള്ളതാണ്. ബുദ്ധിമാന്മാരുടെ പക്കൽ അവ ഭൗതികാത്ഭുതങ്ങളേക്കാൾ ഉന്നതവും നല്ലതുമാണ്.

ബുദ്ധിമാന്മാരുടെ വിലയിരുത്തലിൽ ദൈവികമനുഷ്യരുടെ മൂല്യവും പദവിയും തീരുമാനിക്കപ്പെടുന്നത് അസാധാരണമായ വരദാനങ്ങളാലാണ്. ഇവയെല്ലാം അവരുടെ ഉന്നതപദവിയുടെ ആഭരണങ്ങളാണ്. അവരുടെ വക്ത്രത്തിന്റെ മനോഹാരിതയാണ്. ആദരസമന്വിതമായ അത്ഭുതവും സത്യമായ ഉൾക്കാഴ്ചയും അതിനെ ഏറ്റവും കൂടുതൽ ബാധിക്കുന്നുവെന്നത് മനുഷ്യപ്രകൃതിയുടെ ഒരു ഭാഗമാണ്. മറ്റെല്ലാറ്റിനേക്കാളും അതിന് പ്രിയങ്കരമായിട്ടുള്ളത് സത്യവും ഗ്രാഹ്യശക്തിയുമാണ്. ഭക്തനായ ഒരു മനുഷ്യന് ദർശനങ്ങൾ കാണിക്കപ്പെടുകയും ഗോപ്യമായ കാര്യങ്ങളെക്കുറിച്ച് അറിവ് നല്കപ്പെടുകയും അയാൾ സ്വയംതന്നെ കഠിനമായ ശിക്ഷണത്തിനു വിധേയമാവുകയും ചെയ്യുന്നുവെന്നു സങ്കല്പിക്കുകയും അയാൾ നിരവധി അസാധാരണമായ കാര്യങ്ങൾ പ്രകടമാക്കുകയും ചെയ്യുകയാണെങ്കിലും സത്യവും വ്യാജവും തമ്മിൽ തിരിച്ചറിയാനാകാത്തവിധം ദൈവികജ്ഞാനത്തെ സംബന്ധിച്ച് അജ്ഞനാണെങ്കിൽ അയാൾ തെറ്റായ ചിന്താഗതിയിൽ പിടിക്കപ്പെടുന്നു. ഓരോ കാര്യത്തിലും അയാൾക്ക് തെറ്റുപറ്റാൻ സാധ്യതയുണ്ട്. അയാൾ ദുർബ്ബലനുമായിരിക്കും. വിവേകമുള്ള ഒരു വ്യക്തിയുടെ വീക്ഷണത്തിൽ അയാൾ നിന്ദ്യനും ഹീനനുമാണ്. ഒരു ബുദ്ധിമാന്റെ വിലയിരുത്തലിൽ ഒരു വ്യക്തിക്ക് അജ്ഞതയുടെ ചുവയുണ്ടെങ്കിൽ, അയാൾ വിവേകശൂന്യമായ കാര്യങ്ങൾ ഉച്ചരിക്കുന്നതിനാൽ അതു കേൾക്കുന്നവർ അയാളെ അനിഷ്ടപ്പെടുന്നു. അയാളെ ബുദ്ധിമാന്മാർ ബഹുമാനിക്കുന്നില്ല. അയാൾ എത്രതന്നെ ഭക്തിയുള്ളവനും അർപണം ചെയ്ത ആളും ആയിരുന്നാലും നിന്ദ്യനായിത്തീരുന്നു. ഇതു കാണിക്കുന്നത് ആത്മീയാത്ഭുതങ്ങൾ അതായത്, ദൈവികജ്ഞാനവും ഉൾക്കാഴ്ചയും ദൈവികമനുഷ്യർക്ക് ആവശ്യമായ സവിശേഷതകളാകുന്നു, വിശ്വാസത്തിന്റെ മഹത്തായ അത്ഭുതങ്ങൾ തിരിച്ചറിയാനുള്ള പ്രത്യേക നിബന്ധനകളുമാകുന്നു എന്നാണ്.

വിശുദ്ധഖുർആനെ പൂർണമായും അനുധാവനം ചെയ്യുന്നവന് പൂർണമായും സമഗ്രമായും ഈ നിബന്ധനകൾ നല്കപ്പെടുന്നു. അവരിൽ നിരവധി പേർ വിദ്യാസമ്പന്നരല്ലാതിരുന്നിട്ടും ആധുനിക വിഷയങ്ങളെക്കുറിച്ച് നല്ലപോലെ അറിയാത്തവരായിരുന്നിട്ടും തങ്ങളുടെ സമകാലീനരേക്കാൾ എത്രത്തോളം മുന്നേറിയിട്ടുണ്ടെന്നാൽ പലപ്പോഴും അവരുടെ എതിരാളികൾ അവരുടെ പ്രസംഗങ്ങളിലുള്ള നല്ല ആശയങ്ങളും ദൈവിക ജ്ഞാനവും ശ്രവിച്ച് അത്ഭുതപരതന്ത്രരാവുന്നു. അവരുടെ ലിഖിതങ്ങൾ പാരായണം ചെയ്തും അവരുടെ അറിവുകളും ഉൾക്കാഴ്ചയും മറ്റൊരു ലോകവുമായി ബന്ധപ്പെട്ടതാണെന്നും ദൈവിക പിന്തുണയുടെ വർണങ്ങൾ ഉൾക്കൊള്ളുന്നതാണെന്നും സമ്മതിക്കുന്നു. ഇതിന്റെ ഒരു തെളിവ് എന്താണെന്നാൽ അവരുടെ എതിരാളികൾ ദൈവത്തെ സംബന്ധിച്ച അവരുടെ പ്രസംഗങ്ങൾ മറ്റുള്ളവരുടെ പ്രസംഗങ്ങളുമായി താരതമ്യപ്പെടുത്താൻ മുതിരുന്നു. എന്നാൽ, അവർ സത്യസന്ധരും നീതിബോധമുള്ളവരുമാണെങ്കിൽ ദൈവികമനുഷ്യരുടെ പ്രസംഗങ്ങളിലാണ് സത്യം എന്ന് സമ്മതിക്കാൻ നിർബന്ധിതരായിത്തീരുന്നു. ചർച്ച മുന്നേറുന്തോറും കൂടുതൽ അഗാധമായിത്തീരുമ്പോഴും നിരവധി നല്ല വാദഗതികൾ ഉയർന്നുവരുന്നു. അവ സ്ഥാപിക്കുന്നത് തങ്ങൾ ശരിയിലാണെന്നാണ്; അത് ഒരു തിളങ്ങുന്ന പകൽപോലെയാണ്. എല്ലാ ഓരോ സത്യാന്വേഷിക്കും ഇങ്ങനെയുള്ള തെളിവ് നൽകാൻ നാം സ്വയം സന്നദ്ധരാണ്. ഈ അനുഗ്രഹങ്ങളിൽ മറ്റൊന്ന് പാപരാഹിത്യമാണ്. അതിനെ ദൈവികസംരക്ഷണം എന്നും വ്യവഹരിക്കാം. അസാധാരണമായ ഒരു സമ്മാനമെന്ന നിലയിൽ വിശുദ്ധഖുർആന്റെ പരിപൂർണ അനുയായികൾക്ക് അത് നല്കപ്പെടുന്നു. പാപരാഹിത്യം എന്നത് കൊണ്ട് ഞങ്ങൾ വിവക്ഷിക്കുന്നത് അനഭികാമ്യമായ സ്വഭാവത്തിൽനിന്നും സംരക്ഷിക്കപ്പെടുന്നുവെന്നതാണ്. മാത്രമല്ല, അനഭിലഷണീയ ചിന്തകളിൽ മറ്റുള്ള ആളുകൾ രാപകൽ മുഴുകിയിരിക്കും. അവർ അധാർമിക പ്രവർത്തനങ്ങളിൽനിന്നും സുരക്ഷിതരാക്കപ്പെടും. അവർ കുറച്ചൊന്നു വഴുതുമ്പോൾ ദൈവകാരുണ്യം അതിനെ നേരെയാക്കും. പാപരാഹിത്യത്തിന്റെ അവസ്ഥ വളരെ മൃദുലമാണ്. അതാകെക്കൂടെ ശരീരേച്ഛകളിൽനിന്നും അല്പം ദൂരെയാണ്. അത് തിന്മയെ ഉദ്ദീപിപ്പിക്കുന്നു. പ്രത്യേകമായ ദൈവിക ശ്രദ്ധയില്ലാതെ അത് നേടാൻ സാധ്യമല്ല. ഉദാഹരണമായി ഒരു ശരാശരി മനുഷ്യനോട് അയാൾ കളവ് പറയുന്നത് പരിപൂർണമായും ഒഴിവാക്കണമെന്ന് പറഞ്ഞാൽ, തന്റെ ഓരോ കാര്യത്തിലും പ്രസ്താവനകളിലും തൊഴിലുകളിലും അതൊഴിവാക്കണമെന്ന് പറഞ്ഞാൽ അത് അയാൾക്ക് വളരെ പ്രയാസകരവും അസാധ്യവുമായിത്തീരും. ഇതിനുവേണ്ടി അയാൾ ഓരോ ശ്രമം നടത്തിയാലും അതിന് വളരെ തടസ്സങ്ങൾ നേരിടേണ്ടിവരുന്നു. പിന്നീട് അതയാളുടെ സിദ്ധാന്തമായി മാറുന്നു. ഐഹികമായ കാര്യങ്ങളിൽ വ്യാജം ഒഴിവാക്കുകയെന്നത് അസാധ്യമാണ്. എന്നാൽ, സൗഭാഗ്യവാന്മാരായ ആളുകൾക്ക് അവർ വിശുദ്ധഖുർആന്റെ മാർഗദർശനം തേടുകയാണെങ്കിൽ

(ശേഷം പേജ് 11ൽ)

'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'
(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

താലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."
(ജുമുഅ ഖുത്ബ 25–7–2014)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

താലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

## ഖുത്ബ ജുമുഅ

ആരാണോ അല്ലാഹുവിനുവേണ്ടി മസ്ജിദ് നിർമിക്കുന്നത്
അല്ലാഹുവും അവനുവേണ്ടി സ്വർഗത്തിൽ അത്തരം വീട് നിർമിക്കുന്നതാണ്. (ഹദീഥ്)

നമ്മുടെ ജമാഅത്ത് തഖ്‌വയുണ്ടോ ഇല്ലേ എന്ന ഈ ദുഃഖം എല്ലാ ഭൗതിക ദുഃഖങ്ങളെക്കാളും
കൂടുതൽ സ്വന്തം ജീവനിൽ ഉണ്ടാക്കുക. (ഹദ്റത്ത് മസീഹ് മൗഊദ്(അ))

അല്ലാഹു തന്റെ മുമ്പിൽ കുനിയുന്നവരുടെ ഈമാനിലും ദൃഢജ്ഞാനത്തിലും വർധന ഉണ്ടാക്കുന്നു.

പരലോകത്തിലുള്ള വിശ്വാസം തന്നെയാണ് അല്ലാഹുവിനെ ആരാധിക്കുന്നതിന് താൽപര്യമുണ്ടാക്കുന്നത്;
അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി മാത്രം ചെയ്യപ്പെടുന്ന ആരാധന.

പരലോകത്തെ സംബന്ധിച്ച് ഒരിക്കലും ദുർബോധനങ്ങൾ ഉണ്ടാകാത്തവനും ശുഭപര്യവസാനത്തിനുവേണ്ടി അല്ലാഹുവിന്റെ
തിരുസന്നിധിയിൽ കുനിഞ്ഞുകൊണ്ടിരിക്കുന്നവനുമാണ് യഥാർഥ ഭക്തനും മസ്ജിദുകളെ ജനസാന്ദ്രമുള്ളതാക്കുന്നവനും.

ഒരു പരിശ്രമംകൊണ്ട് മസ്ജിദിനെ ജനനിബിഢമാക്കേണ്ട ആവശ്യമുണ്ട്

മസ്ജിദിനോടുള്ള കടമ നിറവേറ്റേണ്ടതും അതിനെ സ്വർഗത്തിൽകൊണ്ടുപോകേണ്ട മാർമാക്കേണ്ടതും
അതിന്റെ നിർമാണംകൊണ്ട് സ്വർഗത്തിൽ ഒരു വീടുണ്ടാക്കേണ്ടതും വളരെ വലിയൊരു ഉത്തരവാദിത്വമാണ്.

ഏതെങ്കിലും അസ്തിത്വത്തെ നമ്മൾ ഭയക്കുന്നുവെങ്കിൽ അത് അല്ലാഹുവിന്റെ അസ്തിത്വമാണ്.

ദുആയുടെ യഥാർഥ വസ്തുത അതുമുഖേന അല്ലാഹുവിന്റേയും
മനുഷ്യന്റേയും ഇടയിലുള്ള ബന്ധം വർധിക്കുക എന്നതാണ്.

നമസ്കാരം ആയിരക്കണക്കിന് പാപങ്ങളെ അകറ്റുകയും ദൈവസാമീപ്യം
കരസ്ഥമാക്കുന്നതിനുള്ള മാർഗമാക്കുകയും ചെയ്യുന്നു.

തിരുനബി വചനങ്ങളിലൂടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ദേശങ്ങളിലൂടേയും
അഞ്ചുനേര നമസ്കാര നിർവഹണവും ദുആകളുടെ സൂക്ഷ്മമായ യുക്തിജ്ഞാനങ്ങളുടെ ചർച്ചയും
യഥാർഥ ഭക്തിയിൽ നിലനിന്നുകൊണ്ട് മസ്ജിദുകൾ ജനസാന്ദ്രമാക്കുനുമുള്ള നിർദേശവും.
സ്ട്രാസ് ബർഗിലെ  മസ്ജിദ് മഹ്ദിയുടെ ഉൽഘാടനം, അതിന്റെ നിർമാണം,
അതിനെ സംബന്ധിച്ച് ഹ്രസ്വമായ വിവരണം.

**ഖുത്ബ ജുമുഅ 2019 ഒക്ടോബർ 11/1398 അഖാഅ് 11**
**മസ്ജിദ് മഹ്ദി, സ്ട്രാസ്ബർഗ് ഫ്രാൻസ്**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -
اِنَّمَا يَعْمُرُ مَسٰجِدَ اللّٰهِ مَنْ اٰمَنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ وَاَقَامَ الصَّلٰوةَ وَاٰتَى الزَّكٰوةَ وَلَمْ
يَخْشَ اِلَّا اللّٰهَ فَعَسٰٓى اُولٰٓئِكَ اَنْ يَّكُوْنُوْا مِنَ الْمُهْتَدِيْنَ (التوبة:18)

നീണ്ട ഒരു കാലത്തിനു ശേഷം ഫ്രാൻസ് അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന് ഇവിടെ മറ്റൊരു മസ്ജിദ് നിർമിക്കാൻ അല്ലാഹു സൗഭാഗ്യം നല്കിയിരിക്കുകയാണ്. ഇവിടെ ഈ സ്ട്രാസ്ബർഗ്(Strasboudg)പട്ടണത്തിൽ ദൈവകൃപയാൽ പുതിയ അഹ്മദികളുടേയും പാക്കിസ്താനീ അല്ലാത്ത അഹ്മദികളുടേയും വലിയൊരു ശതമാനം ആളുകളുണ്ട്. എന്നല്ല 75 ശതമാനവും പാക്കിസ്താനികളല്ലാത്തവരാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ ആത്മാർഥതയിലും കൂറിലും വളർന്നവരാണ്. എന്തായാലും അല്ലാഹു ഇവർക്ക് ഇവിടെ ഒരു മസ്ജിദ് നല്കിയിരിക്കുന്നു. ഇവിടെ താമസിക്കുന്ന അഹ്മദികൾക്ക് ഇനി മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ജമാഅത്ത് വ്യവസ്ഥിതിയുമായി ചേർന്നു നിൽക്കാൻ സാധിക്കുന്നതായിരിക്കും. അല്ലാഹു അവർക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഞാനിപ്പോൾ ഓതിക്കേൾപ്പിച്ച ആയത്തിന്റെ അർഥം കേൾപിക്കുകയാണ്: അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും നമസ്കാരം നിലനിറുത്തുകയും സക്കാത്തു കൊടുക്കുകയും അല്ലാഹുവിനെയല്ലാതെ(മറ്റാരേയും)ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവരാരോ അവർ മാത്രമേ അല്ലാഹുവിന്റെ മസ്ജിദുകൾ പരിപാലിക്കുകയുള്ളൂ. അത്തരക്കാർ നേർമാർഗം പ്രാപിക്കുന്നവരിൽപ്പെട്ടവരായേക്കാം.

മസ്ജിദ് നിർമിക്കുകയും അത് പരിപാലിക്കുകയും ചെയ്യുന്നവരുടെ പ്രത്യേകതയായി അല്ലാഹു പറഞ്ഞിരിക്കുന്നത് അവർ അല്ലാഹുവിൽ വിശ്വസിക്കുന്നവരായിരിക്കും എന്നാണ്. അതായത് സർവ്വ ശക്തികളുടെയും ഉറവിടവും അതിന്റെ ഉടമസ്ഥനും അല്ലാഹുവാകുന്നു എന്നും മറ്റുള്ളതെല്ലാം പാഴാണെന്നും ദൃഢമായി വിശ്വസിക്കുന്നവരായിരിക്കും അവർ. അതുകൊണ്ട്  വിശ്വാസത്തിന്റെ ലഭ്യതയ്ക്ക് അല്ലാഹുവിന്റെ മുമ്പിൽ കുനിയേണ്ടതും അവന്റെ ആരാധനയും അങ്ങേയറ്റം അത്യാവശ്യമാണ്. അല്ലാഹു തന്റെ മുന്നിൽ കുനിയുന്നവരുടെ വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും വർധന നല്കുന്നു. പിന്നീട്, മസ്ജിദുകളിൽ വരുന്നവരുടെ പ്രത്യേകതയായി അല്ലാഹു പറഞ്ഞത് അന്ത്യദിനത്തിലുള്ള ദൃഢമായ വിശ്വാസമാണ്. കാരണം അന്ത്യദിനത്തിലുള്ള ദൃഢവിശ്വാസം തന്നെയാണ് അല്ലാഹുവിന്റെ തൃപ്തി  കാംക്ഷിച്ചുകൊണ്ട് മാത്രം ചെയ്യപ്പെടുന്ന ആരാധനയിലേക്കും ആകർഷിക്കുന്നത്. തൽസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയാണ്: 'ആഖിറത്തിലുള്ള വിശ്വാസംകൊണ്ടുള്ള പ്രയോജനം അതു മുഖേന ദൈവിക ജ്ഞാനം അവർക്കു ലഭിക്കുന്നു എന്നതാണ്. യഥാർഥ ദൈവിക ജ്ഞാനം തനിമയാർന്ന ദൈവഭയവും ആരാധനയും കൂടാതെ ലഭ്യമാകുന്നതല്ല.' അവിടന്ന് പറയുന്നു: 'ഓർക്കുക, ആഖിറത്തിനെക്കുറിച്ചുള്ള ദുർബോധനങ്ങൾ വിശ്വാസത്തിന് ഭീഷണിയാകുകയും ശുഭപര്യവസാനത്തിൽ വിള്ളലുണ്ടാക്കുകയും ചെയ്യുന്നു.' (മൽഫൂദാത്ത് വാല്യം 1, പേജ് 53–54)

അതായത് ശുഭപര്യാവസാനത്തിന് പിന്നെ ഉറപ്പുണ്ടാകുകയില്ല. മനുഷ്യൻ ഈമാനിൽ നിലനിൽക്കുമെന്നും പറയാൻ പറ്റുകയില്ല. അതായത് ആഖിറത്തിനെക്കുറിച്ച് ഹൃദയത്തിൽ ഒരിക്കലും ദുർബോധനങ്ങൾ ഉണ്ടാകാത്തവരും ശുഭപര്യവസാനത്തിന് അല്ലാഹുവിന്റെ മുന്നിൽ കുനിഞ്ഞുകൊണ്ടിരിക്കുന്നവരും മാത്രമാണ് യഥാർഥത്തിൽ ഭക്തരും മസ്ജിദുകളെ ജനനിബിഢമാക്കുകയും ചെയ്യുന്നവർ. അല്ലെങ്കിൽ നമസ്കാരം നിലനിറുത്തുന്നവർക്കാണ് മസ്ജിദുകൾ നിർമിക്കുന്നതുകൊണ്ടുള്ള നേട്ടം. ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു; ലോകത്തെ കാണിക്കുന്നതിനുവേണ്ടി മാത്രമല്ല ഞങ്ങൾ ഈ മസ്ജിദ് നിർമിച്ചത്. പ്രത്യുത ഇതിനെ അഞ്ചുനേരവും ആളുകളെക്കൊണ്ട് നിറയ്ക്കുക എന്നതും ഇപ്പോൾ ഞങ്ങളുടെ ജോലിയാണ്. അല്ലാഹു ഇവിടെ നമസ്കാരം നിലനിറുത്തുന്നവർ എന്നാണ് പറഞ്ഞിട്ടുള്ളത്. നിലനിറുത്തുന്നവർ എന്നതിന്റെ ഉദ്ദേശ്യംതന്നെ ജമാഅത്തായി നമസ്കരിക്കുന്നവർ എന്നാണ്. അതിനുശേഷം പറഞ്ഞത് സക്കാത്തു നൽകുന്നതിലേക്കും ധനത്യാഗത്തിലേക്കുമുള്ള ശ്രദ്ധ അവർക്കുണ്ടാകുന്നു എന്നാണ്. മസ്ജിദ് ജനനിബിഢമാക്കുന്നവരുടെ പ്രത്യേകത അല്ലാഹുവിന്റെ ദീനിന്റെ പ്രചാരണത്തിന് ത്യാഗങ്ങൾ ചെയ്യുകയും അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുകയും ചെയ്യുന്നവരായിരിക്കും എന്നതാണ്. ഹൃദയങ്ങളിൽ ദൈവഭയം വർധിക്കുന്നതിനായാണ് ഇതെല്ലാം അവർ ചെയ്യുന്നത്. അവന്റെ തൃപ്തിക്കുവേണ്ടി നമ്മൾ പൂർണശ്രമം നടത്തിക്കൊണ്ടിരിക്കണം. ഇതെല്ലാം ചെയ്യുന്നവർ തന്നെയാണ് തന്റെയടുക്കൽ നേർമാർഗം പ്രാപിച്ചവർ അല്ലെങ്കിൽ നേർമാർഗം പ്രാപിച്ചവരിൽ പെടുന്നവർ എന്ന് അല്ലാഹു പറയുന്നു.

അതുകൊണ്ടു നമ്മൾ എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അതനുസരിച്ച് പരിശ്രമിക്കേണ്ടതുമാണ്. അല്ലാഹുവിന്റെ മുന്നിൽ കുനിഞ്ഞുകൊണ്ട് ഇങ്ങനെ അപേക്ഷിക്കേണ്ടതാണ്, പുതിയതായി വരുന്നവർക്കും ഞങ്ങളുടെ പഴയ അഹ്മദികൾക്കും എന്നല്ല പഴയ അഹ്മദികൾക്ക് കൂടുതൽ ഉത്തരവാദിത്വമാണുള്ളത്, പ്രത്യേകിച്ചും പാക്കിസ്താനിൽനിന്ന് വന്നിട്ടുള്ളവർക്ക്, അവർ പുതിയതായി വരുന്നവർക്ക് മാതൃകയായിരിക്കണമെന്ന കാര്യം ഓർക്കുക. നമുക്ക് നമ്മുടെ മസ്ജിദ് നിർമിച്ചതിനുശേഷം ഈ വിചാരത്തോടും നമ്മുടെ കർമപരമായ അവസ്ഥകളെ ആ നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് മസ്ജിദ് ജനസാന്ദ്രമാക്കാൻ തൗഫീഖ് നല്കിയാലും. സന്മാർഗപ്രാപ്തരിൽ ഞങ്ങളേയും ചേർത്താലും. മസ്ജിദ് ജനനിബിഢമാക്കുന്നവരെക്കുറിച്ച് അല്ലാഹുവിന്റെ കല്പനയാണിത്. ഈ നിർദ്ദേശത്തിൽ സ്വന്തം ദൗർബല്യങ്ങളും വീഴ്ചകളും കാരണത്താൽ കർമങ്ങൾ ചെയ്യാതെ നമ്മുടെ ദുൻയാവും ആഖിറത്തും നശിപ്പിക്കുന്നവരാകരുത്. ഞങ്ങളിൽ കരുണ ചെയ്തുകൊണ്ട് ഞങ്ങളെ വഴിതെറ്റുന്നതിൽനിന്ന് രക്ഷപ്പെടുത്തിയാലും. ഞങ്ങളെ നേരായ പാതയിൽ നടത്തിയാലും. ഞങ്ങളുടെ ഉദ്ദേശ്യങ്ങൾ എപ്പോഴും തെളിമയാർന്നതും നല്ലതുമാക്കിവെച്ചാലും. ഞങ്ങൾ നിന്നോടുള്ള കടമകൾ നിറവേറ്റുന്നവരുമാകണം. ഈ പ്രദേശത്ത് നിന്റെ ദീനിന്റെ സന്ദേശമെത്തിക്കുന്നവരുമാകണം. ഞങ്ങൾ ഈ മസ്ജിദ് നിർമിച്ചതോടൊപ്പം നീ അയച്ച മസീഹ് മൗഊദിന്റെ നിർദേശമനുസരിച്ച് ഈ മസ്ജിദിനെ ഇസ്ലാമിന്റെ പ്രബോധനത്തിനുള്ള മാർഗമാക്കുന്നവരുമാകണം. നീ അനുഗ്രഹം ചെയ്തുകൊണ്ട് നിന്റെ പ്രിയപ്പെട്ട നബി(സ)തിരുമേനിയുടെ ഈ നിർദേശത്തിന്റെ പാത്രമാക്കിയാലും; അവിടന്ന് പറഞ്ഞു: അല്ലാഹുവിനുവേണ്ടി മസ്ജിദ് നിർമിക്കുന്നവന് അല്ലാഹുവും സ്വർഗ്ഗത്തിൽ അതുപോലെ വീടുണ്ടാക്കുന്നതാണ്. (സ്വഹീഹുൽ ബുഖാരി, അസ്സ്വലാത്ത്, ഹദീഥ് 450) അതുകൊണ്ട് ഞങ്ങളെ യഥാർഥ മുഅ്മിനാക്കി നിന്റെ അനുഗ്രഹങ്ങൾ നല്കിയാലും.

അതിനാൽ ഇക്കാര്യങ്ങൾ കരസ്ഥമാക്കുന്നതിന് ഏറ്റവുമാദ്യം ഓരോ അഹ്മദിയും തങ്ങളുടെ നമസ്കാരങ്ങളെക്കുറിച്ച് ആത്മപരിശോധന നടത്തേണ്ടതാണ്; അവർക്ക് അഞ്ചുനേര നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്നതിലേക്കുള്ള ശ്രദ്ധയുണ്ടോ? ജമാഅത്തായുള്ള നമസ്കാരത്തിലേക്ക് ശ്രദ്ധയുണ്ടോ? നമുക്ക് മസ്ജിദായി എന്നതുമാത്രം പോരാ. സ്വർഗത്തിൽ ഭവനം നിർമിക്കുന്നതിന് ഇത്രമാത്രം മതിയാവുകയില്ല. വെറും മസ്ജിദ് നിർമിച്ചാൽ മാത്രം പോരാ മറിച്ച് വിശ്വാസത്തോടൊപ്പം കർമത്തിന്റെയും ആവശ്യമുണ്ട്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നതിന്റെ കടമകൾ നിറവേറ്റേണ്ട ആവശ്യമുണ്ട്. ഓരോ വർഷവും ആയിരക്കണക്കിന് മസ്ജിദ് മുസ്ലിമീങ്ങൾ നിർമിക്കാറുണ്ട്. പക്ഷേ, അവയിൽ വർഗീയതയുടെ ദർസാണ് നല്കപ്പെടുന്നത്. അവയിൽ അല്ലാഹുവിനോടുള്ള ഭയവും ഭക്തിയും അല്ലാഹുവിന്റെ ദാസരോടുള്ള കടമകളും നിറവേറ്റാൻ പറയുന്നതിനു പകരം സ്വാർഥപരമായ നേട്ടങ്ങളോ അല്ലെങ്കിൽ ആ ഒരൊറ്റ കക്ഷിയുടെ നേട്ടങ്ങളോ ആണ് വിവരിക്കപ്പെടുന്നത്. ഇല്ലെങ്കിൽ പുതിയ പുതിയ അനാചാരങ്ങൾ ഉലമാ സൃഷ്ടിച്ചുവിടുന്നു. അവയ്ക്ക് നബി(സ)തിരുമേനിയുടെ സുന്നത്തുമായി ഒരു ബന്ധവുമില്ല. ആ മസ്ജിദുകൾ അല്ലാഹുവിന്റെ പക്കൽ, നബി(സ)തിരുമേനിയുടെ പക്കൽ ജന്നത്തിലേക്കു കൊണ്ടുപോകുന്നവയല്ല. അതിനാൽ മസ്ജിദിനോടുള്ള കടമ നിറവേറ്റുകയും അതിനെ ജന്നത്തിൽ കൊണ്ടുപോകുന്നതിന് മാർഗമാക്കുകയും അതിന്റെ നിർമാണംകൊണ്ട് ജന്നത്തിൽ ഒരു വീടുണ്ടാക്കുക എന്നത് വളരെ വലിയൊരു ഉത്തരവാദിത്വമാണ്. ഈ ഉത്തരവാദിത്വം ഓരോ അഹ്മദിയും മനസ്സിലാക്കി, അതനുസരിച്ച് പിന്നീട് കർമങ്ങൾ ചെയ്ത് അതിനോടുള്ള കടമ നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്. ഇക്കാലഘട്ടത്തിൽ നമ്മെ നബി(സ)തിരുമേനിയുടെ സത്യദാസൻ ഒരു യഥാർഥ മുസ്ലിമാകാനും ആരാധനകളും നമ്മുടെ മസ്ജിദുകളോടുള്ള കടമ നിർവഹിക്കലും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിനേയും കുറിച്ച് എപ്രകാരമാണോ പറഞ്ഞുതന്നത് അത് മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ട ആവശ്യമുണ്ട്.

അപ്പോഴാണ് നമ്മൾ അല്ലാഹുവിൽ ഉറച്ചതും പൂർണവുമായ വിശ്വാസികളാണെന്നും അന്ത്യദിനത്തിൽ സമ്പൂർണവിശ്വാസവും ദൃഢജ്ഞാനവും ഉള്ളവരാണെന്നും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് നമസ്കാരങ്ങൾ നിലനിറുത്തുന്നവരാണെന്നും നമ്മുടെ ധനം ത്യാഗം ചെയ്ത് അല്ലാഹുവിന്റെ ദാസരോടുള്ള കടമകളും നിലനിറുത്തുന്നവരാണെന്നും പറയാൻ കഴിയുക. ഏതെങ്കിലും അസ്തിത്വത്തെ നമ്മൾ ഭയക്കുന്നുവെങ്കിൽ അത് അല്ലാഹുവാണ്. അല്ലാഹുവിനോടുള്ള ഭയം മാത്രമാണ് നമ്മുടെ മനസ്സിലുള്ളത്. കാരണം നമ്മൾ അവനെ സ്നേഹിക്കുന്നവരാണ്. ഭൗതികമായ ഒരു വസ്തുവിനേയും ഭയക്കുന്നവരല്ല നമ്മൾ. അല്ലാഹുവിനോടുള്ള സ്നേഹം പോലെ ഒരു ഭൗതികവസ്തുവിനോടും നമുക്ക് സ്നേഹവുമില്ല. നമ്മൾ നമ്മുടെ ഭൗതികനേട്ടങ്ങളെ നമ്മുടെ ഈമാനും നമ്മുടെ മതത്തിനും വേണ്ടി ത്യാഗം ചെയ്യുന്നവരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു യഥാർഥ അഹ്മദിയാകുന്നതിനും അല്ലാഹുവിന്റെ യഥാർഥ ദാസരാകുന്നതിനും നമുക്ക് നല്കിയിട്ടുള്ള ഉപദേശങ്ങളിൽ ചിലത് ഞാൻ പറയുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു എത്രത്തോളം കഴിവുകൾ നമുക്ക് പ്രദാനം ചെയ്തിട്ടുണ്ടോ കൈ, കാല്, മറ്റു വസ്തുക്കൾ, കണ്ണുകൾ, നാവ്, എല്ലാ വസ്തുവും നമുക്ക് പ്രദാനം ചെയ്തിരിക്കുന്നു. അത് നഷ്ടപ്പെടുത്തിക്കളയുന്നതിനല്ല. അതിന്റെ അനുവദനീയമായ ഉപയോഗം തന്നെയാണ് അതിന്റെ വളർച്ചയും. അതിന് വളർച്ചയുണ്ടാകണം. എങ്ങനെയാണ് വളരുക? അനുവദനീയമായിട്ടുള്ളത് ഉപയോഗിക്കുന്നതുകൊണ്ട്. അത് ദുരുപയോഗം ചെയ്യരുത്. അതുകൊണ്ടാണ് ഇസ്ലാം പൗരുഷശക്തികൾ നശിപ്പിക്കാനോ കണ്ണ് ചൂഴ്ന്നെടുക്കാനോ പഠിപ്പിക്കാതിരുന്നത്; മറിച്ച് അനുവദനീയമായ നിലയിൽ അത് ഉപയോഗിക്കപ്പെടണം. പൗരുഷശക്തി അവാസനിപ്പിച്ചുകളയുക എന്നത് ശരിയല്ല. മറിച്ച് അത് പരിശുദ്ധമാക്കുകയും പരിശുദ്ധമായ നിലയിലുള്ള അതിന്റെ ഉപയോഗവുമാണ് യഥാർഥ കാര്യം. പറഞ്ഞു: *ഖദ് അഫ്ലഹൽ മുഅ്മിനൂൻ* ഇപ്രകാരം തന്നെ ഇവിടെയും വിവരിച്ചു. മുത്തഖിയുടെ ജീവിതത്തിന്റെ ചിത്രം വരച്ചുകൊണ്ട് അവസാനം ഫലമെന്ന നിലയിൽ പറഞ്ഞു. *വ ഉലാഇക്ക ഹുമുൽ മുഫ്ലിഹൂൻ.* ആദ്യം മുത്തഖിയുടെ ചിത്രം വരച്ചുകാണിച്ചു. പറഞ്ഞു. *ഖദ് അഫ്ലഹൽ മുഅ്മിനൂന* പിന്നീട് പറഞ്ഞു. *വ ഉലാഇക്ക ഹുമുൽ മുഫ്ലിഹൂൻ.* അതായത് തഖ്വയിൽ പദമൂന്നുന്നവർ, അദൃശ്യത്തിൽ വിശ്വസിക്കുന്നവർ, നമസ്കാരം താളം തെറ്റുമ്പോൾ അതിനെ നിലനിറുത്തുന്നവർ അതായത് വിവിധതരത്തിലുള്ള ചിന്താഗതികൾ നമസ്കാരത്തിൽ വരുന്നു. പിന്നീട് അല്ലാഹുവിലേക്ക് ശ്രദ്ധിക്കുന്നു. അല്ലാഹു നല്കിയിരിക്കുന്നത് നല്കുന്നു. അല്ലാഹു നല്കിയ അനുഗ്രഹങ്ങളിൽനിന്ന് അവന്റെ വഴിയിൽ ചെലവഴിക്കുന്നു. പറഞ്ഞു: ആത്മാവിന്റെ ഭീഷണികളുണ്ടായിട്ടും ഒന്നും ആലോചിക്കാതെ കഴിഞ്ഞതും നിലവിലുള്ളതുമായ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ വിശ്വസിക്കുന്നു. അല്ലാഹു പറഞ്ഞു: എല്ലാ ഗ്രന്ഥങ്ങളിലും


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്ബ ജുമുഅ 29 – 5 – 2015)

**താലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്ബ 27 – 1 – 2017)

**താലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

വിശ്വസിക്കുക. അപ്പോൾ വിശ്വസിച്ചു. അവസാനം അവൻ അനുഭവജ്ഞാനംവരെ എത്തിച്ചേരുന്നു. ഇക്കൂട്ടരാണ് സന്മാർഗത്തിന്റെ നെറുകയിലുള്ളവർ. സമാന്തരമായ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു വഴിയിലാണ് അവനുള്ളത്, അതിലൂടെ മനുഷ്യൻ ഫലാഹ് അഥവാ വിജയംവരെ എത്തുന്നു. ഇവരാണ് വിജയംപ്രാപിച്ചവർ. അവർ ലക്ഷ്യസ്ഥാനംവരെ എത്തുകയും അപകടവഴിയിൽനിന്ന് മോക്ഷം പ്രാപിക്കുകയും ചെയ്യുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'അതുകൊണ്ടു ആരംഭത്തിൽത്തന്നെ അല്ലാഹു നമുക്ക് തഖ്‌വയുടെ അധ്യാപനങ്ങൾ നൽകിക്കൊണ്ട്, ഒരു ഗ്രന്ഥം നല്കിയിരിക്കുന്നു. അതിൽ തഖ്‌വയുടെ വസിയ്യത്തുകളുണ്ട്.' അവിടന്ന് പറയുന്നു: 'അതിനാൽ നമ്മുടെ ജമാഅത്ത് ലൗകികമായ എല്ലാ വിഷമങ്ങളെക്കാളും കൂടുതൽ തങ്ങളിൽ തഖ്‌വയുണ്ടോ ഇല്ലയോ എന്ന കാര്യമോർത്താണ് വിഷമിക്കേണ്ടത്.' (മൽഫൂദാത്ത് വാള്യം 1 പേജ് 35)

ഒരു മനുഷ്യൻ തന്നിൽ തഖ്‌വയുണ്ടോ ഇല്ലയോ എന്നെങ്ങനെയാണ് നോക്കുക? മുത്തഖിയാരാണ്? ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'വിനയത്തോടും ദരിദ്രന്റെ അവസ്ഥപോലുള്ള അവസ്ഥയോടുംകൂടി നടക്കുന്നവരാണ് മുത്തഖി എന്ന് അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ കാണുന്നു.' അവരിൽ ഒരുപാട് മൃദുലതയും എളിമയും ഉണ്ടാകുന്നു. 'അവർ അഹംഭാവത്തോടെ സംസാരിക്കുകയില്ല.' അവരിൽ അങ്കാരമുണ്ടാകുകയില്ല. ചെറിയവർ മുതിർന്നവരോട് സംസാരിക്കുന്ന പോലെയായിരിക്കും അവരുടെ സംസാരം.' 'ഏതൊന്നിൽ നിന്നാണോ നമുക്കു വിജയമുണ്ടാകുന്നത് അത് നമ്മൾ ഏതവസ്ഥയിലും ചെയ്യേണ്ടതാണ്. അല്ലാഹു ആരുടെയും കുത്തകാവകാശിയല്ല. അവൻ പ്രത്യേകമായ തഖ്‌വാ അഥവാ ഭയഭക്തിയാണ് ആഗ്രഹിക്കുന്നത്. ഭയഭക്തി കൈക്കൊള്ളുന്നവൻ ഉന്നത സ്ഥാനത്തെത്തുന്നതാണ്.' പറഞ്ഞു: 'നബി(സ)തിരുമേനിയിൽനിന്നോ ഹദ്റത്ത് ഇബ്റാഹീം നബി(അ)യിൽനിന്നോ ആരും അനന്തരാവകാശമായി ബഹുമതി നേടിയിട്ടില്ല.' പറയുന്നു: 'നബി(സ)തിരുമേനിയുടെ പിതാവ് അബ്ദുല്ലാഹ് അന്യാരാധാകൻ ആയിരുന്നില്ലെന്നത് നമ്മുടെ വിശ്വാസമാണ്. പക്ഷേ, അവൻ നുബ്ബുവ്വത്ത് നല്കിയില്ല. ഇത് നബി(സ) തിരുമേനിയുടെപ്രകൃതിയിലുണ്ടായിരുന്നസത്യങ്ങൾ നിമിത്തമുണ്ടായ ദൈവകൃപയായിരുന്നു. അബുൽ അമ്പിയാ ഹദ്റത്ത് ഇബ്റാഹിം(അ) ഇതേ കൃപയുടെ ചാലകശക്തിയായിരുന്നു. അദ്ദേഹം തന്റെ സത്യസന്ധതയും തഖ്‌വയുംകൊണ്ട് മകനെ അറുക്കാനും മടിച്ചില്ല. അദ്ദേഹം സ്വയംതന്നെയും തീയിൽ ഇടപെട്ടിരുന്നു.

നമ്മുടെ സയ്യിദും മൗലായുമായ നബി(സ) തിരുമേനിയുടെ സത്യസന്ധതയും കൂറും നോക്കുക. അവിടന്ന് എല്ലാവിധ ദുഷ്പദ്ധതികളെയും നേരിട്ടു. പലതരത്തിലുള്ള പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിച്ചു. പക്ഷേ, ഒന്നും വകവച്ചില്ല. ആ ഒരു സത്യസന്ധതയും കൂറും കാരണമായി തന്നെയാണ് അല്ലാഹു ഫള്ൽ ചെയ്തത്. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്: *'ഇന്നല്ലാഹ വ മലാഇക്കത്തഹു യുസല്ലൂന അലന്നബിയ്യി യാ അയ്യുഹല്ലദീന ആമനൂ സല്ലൂ അലയ്ഹി വ സല്ലിമൂ തസ്‌ലീമാ*(33:57) അല്ലാഹുവും അവന്റെ എല്ലാ മലക്കുകളും നബി(സ) തിരുമേനിയുടെമേൽ സ്വലാത്തു ചൊല്ലുന്നു. അല്ലയോ വിശ്വാസികളേ! നിങ്ങളും നബിയുടെ മേൽ സ്വലാത്തു ചൊല്ലുക.(മൽഫൂദാത്ത് വാള്യം 1 പേജ് 37)

അതിനാൽ, നമുക്കുള്ള കല്പന ഇതൊന്ന് മാത്രമാണ്. ദുആ സ്വീകരിക്കപ്പെടണമെന്നാഗ്രഹിക്കുന്നുവെങ്കിൽ നബി(സ)തിരുമേനിയുടെ മേൽ സ്വലാത്തു ചൊല്ലുക. സ്വലാത്തു കൂടാതെയുള്ള ദുആകൾ ആകാശംവരെ എത്തുകയില്ല. മനുഷ്യന് വിജയങ്ങൾ കരസ്ഥമാക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ആരാധനകളുടെ നിലവാരം ഉയർത്തുന്നതിനും അല്ലാഹുവിന്റെ സാമിപ്യം പ്രാപിക്കുന്നതിനും സ്വലാത്തു ചൊല്ലേണ്ടതും ആവശ്യമാണ്. സ്വലാത്തു ചൊല്ലുന്ന വ്യക്തി തീർച്ചയായും നബി(സ)തിരുമേനിയുടെ ഉത്തമ മാതൃകയെ മുന്നിൽ വെക്കുന്നതായിരിക്കും. അവിടന്ന് ആരാധനയുടെ നിലവാരം എന്താണ് സ്ഥാപിച്ചത്? തന്റെ ഉമ്മത്തിന് എന്ത് ഉപദേശമാണ് നല്കിയത്. അവിടന്ന് പറഞ്ഞു: 'എന്റെ കണ്ണിന്റെ കുളിർമ നമസ്കാരത്തിലാണ്.' (സുനൻ അന്നിസാഇ, ഹദീഥ് 3391)

'പിന്നീട് സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിനും അവിടന്ന് തന്റെ മാതൃകകൾ സ്ഥാപിച്ചു. അതിന്റെ ഉദാഹരണങ്ങൾ എവിടേയും കിട്ടുക പ്രയാസമാണ്. അദ്ദേഹം തന്നെ കുറിച്ച് ഒരിക്കലും ചിന്തിച്ചതേയില്ല. താഴ്‌വരയോളം ഉണ്ടായിരുന്ന സമ്പത്തു സകലവും വിതരണം ചെയ്തു. ഏതെങ്കിലും യാചകൻ വന്നാൽ വെറും കൈയൊടെ മടക്കിയിരുന്നില്ല.' (സ്വഹീഹ് മുസ്‌ലിം. ഹദീഥ് 2312)

ഇതിനു പുറമെ അവിടത്തെ കൈകൾ സൃഷ്ടികളെ സേവിക്കുന്നതിന് എപ്പോഴും തയ്യാറായിരുന്നു. അതുകൊണ്ട് സ്വലാത്തു ചൊല്ലുന്നവൻ നബി(സ)തിരുമേനിയുടെ മാതൃക മുന്നിൽവച്ചുകൊണ്ട് ചൊല്ലുമ്പോഴാണ് അവന്റെ ശ്രദ്ധയും നബി(സ)തിരുമേനി സ്ഥാപിച്ച ആ മാതൃകയിലൂടെ ചലിക്കുന്നതിലേക്ക് ശ്രദ്ധിക്കുന്നത്. ഈ അവസ്ഥയിലെത്തുമ്പോൾ അല്ലാഹു തന്റെ പ്രിയപ്പെട്ട നബി, തന്റെ പ്രിയപ്പെട്ട ദാസനോടുള്ള നമ്മുടെ സ്നേഹത്തിന്റെ പ്രകടനത്താലും അദ്ദേഹത്തിന്റേമേൽ സ്വലാത്ത് ചൊല്ലിയ കാരണത്താലും നമ്മുടെ ദുആകൾക്കും സ്വീകാരത്തിന്റെ പദവി നല്കുന്നതാണ്. അപ്പോൾ മാത്രമേ അല്ലാഹുവിന്റെ സാമീപ്യം പ്രാപിച്ചുകൊണ്ട് സൗമ്യതയും ദരിദ്രഭാവത്തിന്റെ അവസ്ഥപോലുള്ള അവസ്ഥയും കാണിക്കുന്നവനായിക്കൊണ്ട് തഖ്‌വയിലൂടെ ചലിക്കുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടാൻ സാധിക്കുകയുള്ളൂ. അവർതന്നെയാണ് വിജയം പ്രാപിക്കുന്നവരും. വിജയം കൈവരിക്കുന്നവരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തിൽ പറഞ്ഞു. നമ്മളിൽ വെറും പറച്ചിലാണുള്ളതെങ്കിൽ ഓർമിക്കുക, ഒരു ഫലവുമില്ല.' പറഞ്ഞു: 'വിജയം വരിക്കാൻ തഖ്‌വ നിബന്ധനയാണ്. വിജയം ആഗ്രഹിക്കുന്നെങ്കിൽ മുത്തഖിയാകുക. അല്ലാഹുവിനെ യഥാർഥത്തിൽ തിരിച്ചറിയിക്കുന്നതാണ് യഥാർഥ തഖ്‌വ. അത് അവന്റെ കല്പനയനുസരിച്ച് നടക്കുന്നവരുമാക്കുന്നു.' (മൽഫൂദാത്ത്, വാള്യം 1, പേജ് 232)

എന്താണ് നമസ്കാരം? യഥാർഥ നമസ്കാരം എങ്ങനെയായിരിക്കണം? എന്നീ കാര്യങ്ങൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'നാവുകൊണ്ട് ദൈവവിശ്വാസികളായിട്ടുള്ള ധാരാളം പേരുണ്ട്. പക്ഷേ, അതെടുത്ത് പരിശോധിക്കുകയാണെങ്കിൽ അവരുടെ ഉള്ളിൽ നിരീശ്വരത്വമാണെന്ന് കാണാം. കാരണം ഭൗതികജോലികളിൽ മുഴുകുമ്പോൾ അല്ലാഹുവിന്റെ കോപവും അവന്റെ മഹത്ത്വവുമെല്ലാം തികച്ചും മറന്നുപോകുന്നു. അതുകൊണ്ട് നിങ്ങൾ ദുആ മുഖേന അല്ലാഹുവിനോടു ദൈവജ്ഞാനം ചോദിക്കേണ്ടത് വളരെ അനിവാര്യമാണ്. ഇതു കൂടാതെ സമ്പൂർണമായ ദൃഢജ്ഞാനം ഒരിക്കലും ലഭിക്കുകയില്ല. അല്ലാഹുവിൽനിന്ന് ബന്ധം വിച്ഛേദിക്കുന്നത് മരണമാണെന്ന് മനസ്സിലാകുമ്പോഴാണ് അത് ലഭിക്കുന്നത്. പാപത്തിൽനിന്ന് രക്ഷപ്പെടാൻ ദുആ ചെയ്യുന്നതോടൊപ്പം ഉപായങ്ങൾ സ്വീകരിക്കുന്നതും ഉപേക്ഷിക്കരുത്. ദുആയും നിർബന്ധമാണ്; ഉപായവും നിർബന്ധമാണ്. പാപം ചെയ്യാൻ പ്രേരിപ്പിക്കുന്ന എല്ലാ മജ്‌ലിസുകളും സഭകളും ഉപേക്ഷിക്കുക. അങ്ങനെയുള്ള മജ്‌ലിസുകളും സഭകളും ടിവിയിലെ പരിപാടികളും പാപങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കാൻ മറ്റു കാര്യങ്ങളും ഏതൊക്കെയാണെന്ന് നമുക്ക് ആത്മപരിശോധന നടത്താൻ കഴിയുന്നതാണ്. അതെല്ലാം ഉപേക്ഷിക്കേണ്ടിവരും. അതുപേക്ഷിക്കുക. അതിനോടൊപ്പം ദുആയും ചെയ്തുകൊണ്ടിരിക്കുക. അല്ലാഹുവിന്റെ ഫള്ലുകൊണ്ട് ഉപേക്ഷിക്കാൻ തൗഫീഖ് കിട്ടുന്നു. അതുകൊണ്ട് അതിനുവേണ്ടി ദുആയും ചെയ്യുക. നല്ലവണ്ണം അറിയുക. നിയതിനിയമങ്ങളിലൂടെ മനുഷ്യനോടൊപ്പം ജനിക്കുന്ന ഈ വിപത്തുകളിൽനിന്ന് അല്ലാഹുവിന്റെ സഹായം ഇല്ലാത്തിടത്തോളം മോചനം സാധ്യമല്ല. അഞ്ചുനേരം അനുഷ്ഠിക്കപ്പെടുന്ന നമസ്കാരത്തിലും ശാരീരികമായ വികാരങ്ങളിൽനിന്നും ചിന്താഗതികളിൽനിന്നും അതിനെ സംരക്ഷിക്കാത്തിടത്തോളം അത് സത്യസന്ധമായ നമസ്കാരമാകുകയില്ലെന്ന സൂചനയാണുള്ളത്. നമസ്കാരമെന്നതിനർഥം തലകുത്തിമറിയലോ ആചാരവും ചടങ്ങുമെന്ന നിലയിൽ നിർവ്വഹിക്കലോ ഒരിക്കലുമല്ല. നമസ്കാരമെന്നത് ഹൃദയവും അനുഭവിച്ചറിയുകയും ആത്മാവ് ഉരുകി ഭയങ്കരമായ അവസ്ഥയിലെത്തി അല്ലാഹുവിന്റെ സന്നിധിയിൽ ചെന്നു വീഴുകയുമാണ്. കഴിവിന്റെ പരമാവധി അവിടംവരെ വേദനയുണ്ടാക്കാൻ ശ്രമിക്കുക. ഗതിമുട്ടിയവനെപ്പോലെ ദുആ ഇരക്കുക;ആത്മാവിന്റെ ഉള്ളിലുള്ള അഹങ്കാരവും പാപവും അകലുന്നതിനുവേണ്ടി. ഇത്തരം നമസ്കാരമാണ് അനുഗൃഹീതമായിരിക്കുന്നത്. ഇതിൽ അവൻ സ്ഥിരചിത്തത കൈക്കൊള്ളുകയാണെങ്കിൽ രാത്രിയിലോ പകലോ ഒരു പ്രകാശം തന്റെ ഹൃദയത്തിൽ വന്നുപതിക്കുന്നതായും അതിലൂടെ നഫ്സെ അമ്മാറ അഥവാ ദോഷപ്രവണമായ ആത്മാവിന്റെ അഹന്ത കുറയുന്നത് അവൻ കാണുന്നതായിരിക്കും. അതാണെങ്കിൽ തിന്മകളിലേക്ക് പ്രേരിപ്പിക്കുന്ന ആത്മാവാണ്. അത് പതുക്കെപ്പതുക്കെ കുറഞ്ഞു വരുന്നു. പെരുമ്പാമ്പിൽ കൊല്ലുന്ന ഒരു വിഷമുണ്ട്. ഇപ്രകാരം ദോഷപ്രവണമായ ആത്മാവിലും കൊല്ലുന്ന ഒരു വിഷമുണ്ട്. അതിന്റെ സ്രഷ്ടാവിന്റെ പക്കൽ അതിന് ചികിത്സയുണ്ട്.'(മൽഫൂദാത്ത് വാള്യം 7 പേജ് 123)

അതായത് സ്രഷ്ടാവിന്റെ പക്കൽ അതിന് ചികിത്സയുമുണ്ട്. അത് ചികിത്സിച്ച് ഭേദപ്പെടുത്താൻ അല്ലാഹുവിനെ കഴിയുകയുള്ളൂ. അതിനാൽ ആത്മാവിന്റെ തിന്മകളിൽ നിന്നും പാപങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിന് അല്ലാഹുവിനോടുതന്നെ അനുഗ്രഹം തേടേണ്ടതാണ്. നമസ്കാരത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് വീണ്ടും അവിടന്ന് പറയുന്നു: 'നമസ്കാരം തന്നെയാണ് ദീനിന്റെ കാമ്പ്. നമസ്കാരമില്ലാതെ, അല്ലാഹു പറഞ്ഞിട്ടുള്ള മാർഗം സ്വീകരിക്കാതെ ആരാധനകളുടെ കടമ നിറവേറ്റപ്പെടുകയില്ല എന്ന കാര്യം എപ്പോഴും ഓർക്കുക. നമസ്കാരത്തിന് ചില നിർബന്ധമായ നിബന്ധനകളുമുണ്ട്. അതും പൂർത്തിയാക്കേണ്ടത് ആവശ്യമാണ്. ഇക്കാര്യം നമസ്കാരത്തിൽ ശ്രദ്ധിക്കേണ്ടതും നിർബന്ധമാണ്. ഒതുക്കത്തോടുകൂടി അല്ലാഹുവിന്റെ മുന്നിൽ നിൽക്കണം.

എളിമയുണ്ടാകണം. പൂർണമായ ലയനമുണ്ടാകണം. അവന്റെ ഫള്ലുകൾ ചോദിച്ചുകൊണ്ടിരിക്കണം. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സ്വലാത്തും ദുആയും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. ഹദീഥ് ശരീഫിൽ വന്നിരിക്കുന്നു, അസ്സ്വലാത്തു ഹിയ ദുആഉ, അസ്സ്വലാത്തുമുഖ്ഖുൽ ഇബാദ. അതായത് നമസ്കാരം തന്നെയാണ് ദുആ. നമസ്കാരം ആരാധനയുടെ മജ്ജയാണ്. മനുഷ്യന്റെ ദുആ ഭൗതിക കാര്യത്തിനുവേണ്ടി മാത്രമാകുമ്പോൾ അതിന്റെ പേര് സ്വലാത്ത് എന്നല്ല. മനുഷ്യൻ ദുആ ചെയ്യുന്നു. മസ്ജിദുകളിൽ നമസ്കാരത്തിനുവരുന്നു. അഞ്ചുനേരം നമസ്കരിക്കാൻ തുടങ്ങുന്നു. വലിയ ദുആകൾ ചെയ്യുന്നു. കരയുന്നു. എല്ലാം ഭൗതികപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിമാത്രം.' അവിടന്ന് പറഞ്ഞു: 'വെറും ഭൗതിക കാര്യങ്ങൾക്കുവേണ്ടി നമസ്കരിക്കുകയാണെങ്കിൽ നിങ്ങൾക്ക് അതിനെ സ്വലാത്ത് എന്ന് പറയാൻ പറ്റില്ല. പക്ഷേ, മനുഷ്യൻ അല്ലാഹുവിനെ കാണാനാഗ്രഹിക്കുമ്പോൾ, അവന്റെ തൃപ്തി മുന്നിൽവെക്കുമ്പോൾ മര്യാദകൾ പാലിച്ചും വിനയത്തോടും അങ്ങേയറ്റം ലയിച്ചും അല്ലാഹുവിന്റെ മുമ്പിൽ നിന്നുകൊണ്ട് അവന്റെ തൃപ്തി തേടുന്നു. തന്റെ കാര്യം ചോദിച്ചുകൊണ്ടിരിക്കുകയില്ല. മറിച്ച് അല്ലാഹുവിന്റെ തൃപ്തി തേടുന്നു. അപ്പോഴാണ് അത് സ്വലാത്താകുന്നത്. ദുആയുടെ യഥാർഥ വസ്തുത അതാണ്. അതുമുഖേന അല്ലാഹുവും മനുഷ്യനുമിടയിൽ ബന്ധം ഉണ്ടാകുന്നു. ഈ ദുആ തന്നെയാണ് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് മാർഗമാകുന്നത്. മനുഷ്യനെ ബുദ്ധിപരമല്ലാത്ത കാര്യങ്ങളിൽനിന്ന കറ്റുന്നു. യാഥാർഥ്യമെന്തെന്നാൽ മനുഷ്യന് ദൈവപ്രീതി കരസ്ഥമാക്കണം. അതിനുശേഷം അവൻ തന്റെ ഭൗതിക ഉദ്ദേശ്യത്തിനുവേണ്ടി ദുആ ചെയ്യേണ്ടതാണ്. ആദ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ദുആ ചെയ്യുക; പിന്നീട് ഭൗതിക ഉദ്ദേശ്യത്തിനു വേണ്ടിയും. അതും അല്ലാഹുവിന്റെ കൃപാതിരേകംകൊണ്ടാണ് ലഭിക്കുന്നത്. ഭൗതിക പ്രയാസങ്ങൾ ചിലപ്പോൾ ദീനീപരമായ കാര്യങ്ങളിൽ തുടങ്ങാറുണ്ട്. പ്രത്യേകിച്ചും ദോഷങ്ങളും വിഷമങ്ങളും ഉണ്ടാകുന്ന കാലത്ത് ഇത് വഞ്ചിക്കപ്പെടാൻ നിമിത്തമായിത്തീരുന്നു. ബലഹീനതകളും ഭൗതികമായ കാര്യങ്ങളും വഞ്ചിക്കപ്പെടാൻ നിമിത്തമായിത്തീരുന്നു. അതുകൊണ്ട് അല്ലാഹുവുമായി ആദ്യം ബന്ധം സ്ഥാപിക്കുക. പിന്നീട് ഭൗതികകാര്യങ്ങൾക്കുവേണ്ടി ദുആ ചെയ്യുക. സ്വലാത്ത് എന്ന പദം വേദനാനിർഭരമായ അർഥത്തിലധിഷ്ഠിതമാണ്; തീയിൽനിന്ന് ചൂടുണ്ടാകുന്നതുപോലെ. അങ്ങനെയുള്ള ചുട്ടുനീറ്റൽ ദുആയിൽ ഉണ്ടാകേണ്ടതാണ്. അത്തരം അവസ്ഥയിലെത്തുമ്പോൾ മരണാവസ്ഥ പോലെ– അപ്പോഴാണ് അതിന്റെ പേര് സ്വലാത്ത് ആകുന്നത്.' (മൽഫൂദാത്ത്, വാല്യം 7, പേജ് 367–378)

നമസ്കാരത്തിന്റെ യഥാർഥ അവസ്ഥ ഇതാണ്. ഇതു കരസ്ഥമാക്കാനാണ് നമ്മൾ പരിശ്രമിക്കേണ്ടത്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഹദ്റത്ത മസീഹ് മൗഊദ്(അ) ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് മറ്റൊരു സ്ഥലത്ത് പറയുന്നു; ഓർത്തുകൊള്ളുക! വിശ്വാസിയാണെന്ന വാദമുണ്ടെങ്കിൽ, നമസ്കാരങ്ങൾ അനുഷ്ഠിക്കേണ്ടതും നിങ്ങൾക്ക് നിർബന്ധമാണ്. മൂന്നോ നാലോ നേരം നമസ്കരിച്ചുകൊണ്ട് വിശ്വാസിയാണെന്ന് വാദിക്കുന്നത് തെറ്റായ കാര്യമാണ്. എന്തെന്നാൽ, ഈമാന്റെ അടിവേര് നമസ്കാരമാകുന്നു. അടിവേരുതന്നെയില്ലെങ്കിൽ അത് പൊള്ളയായ വൃക്ഷം പോലെയാകുന്നു. ചെറിയൊരു കാറ്റുവീശുമ്പോൾ അത് നിലംപതിക്കുന്നതാണ്.' അവിടന്ന് പറയുന്നു: എപ്രകാരം കഠിനമായ വെയിലിനോടൊപ്പം ആകാശത്തിൽ കാർമേഘം ഒരുമിച്ചുകൂടുന്നുവോ മഴയുടെ നേരം വരുന്നുവോ അപ്രകാരം മനുഷ്യന്റെ ദുആകൾ ഒരു ഈമാനികമായ ചൂടുണ്ടാക്കുന്നു. പിന്നീട് അത് സഫലമാകുന്നു. നമസ്കാരം എന്നു പറയുന്നത് അതിൽ ജ്വലനത്തോടും ചുട്ടുനീറ്റലോടും മര്യാദയോടുംകൂടി മനുഷ്യൻ അല്ലാഹുവിന്റെ തിരുസന്നിധിയിൽ എഴുന്നേറ്റു നില്ക്കുന്നു. മനുഷ്യൻ ദാസനായിക്കൊണ്ട് അശ്രദ്ധകാണിക്കുമ്പോൾ അല്ലാഹുവിന്റെ സത്ത 'ഗനി' അഥവാ സ്വാശ്രയനാണെന്ന് അറിയുക. അവനും ഒന്നും വകവെക്കുകയില്ല. എല്ലാ ഓരോ സമുദായവും നിലനില്ക്കുന്നത് അതിൽ അല്ലാഹുവിലേക്കുള്ള ശ്രദ്ധ നിലനില്ക്കുമ്പോഴാണ്. ഈമാനിന്റെ വേരും നമസ്കാരമാണ്.

അല്ലാഹുവിന് നമ്മുടെ നമസ്കാരങ്ങളുടെ ആവശ്യമെന്താണെന്ന് ചില വിഡ്ഢികൾ ചോദിക്കുന്നു. അവിടന്ന് പറഞ്ഞു: 'അല്ലയോ അജ്ഞരേ! അല്ലാഹുവിന് അതിന്റെ ആവശ്യമില്ല. എന്നാൽ, നിങ്ങൾക്കതിന്റെ ആവശ്യമുണ്ട്.' നിങ്ങൾക്ക് നമസ്കാരങ്ങളുടെ ആവശ്യമുണ്ട്; അല്ലാഹു നിങ്ങളെ ശ്രദ്ധിക്കാൻ. അവതാളത്തിലായിരുന്ന എല്ലാ ജോലികളും അല്ലാഹുവിന്റെ ശ്രദ്ധകൊണ്ട് നേരെയായിത്തീരുന്നു. നമസ്കാരം ആയിരക്കണക്കിന് കുറ്റങ്ങളെ അകറ്റുന്നു. ദൈവസാമീപ്യത്തിനുള്ള മാർഗം കരസ്ഥമാകുന്നു.(മൽഫൂദാത്ത് , വാല്യം 7, പേജ് 378)

കേവലം നമസ്കരിക്കുന്നതുവരെയല്ല ദൈവസാമീപ്യം ലഭിക്കുന്നത്. പാപങ്ങൾ മാപ്പാക്കപ്പെടുന്നു. താറുമാറായ ജോലികളെല്ലാം നേരെയാകുന്നു. സദുദ്ദേശ്യത്തോടെ മസ്ജിദിൽ വരികയും നമസ്കാരം പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുന്നവരെക്കുറിച്ച് നബി(സ)തിരുമേനി പറയുന്നു: നമസ്കാരം പ്രതീക്ഷിച്ച് മസ്ജിദിലിരിക്കുന്ന ഒരാളെ നമസ്കാരത്തിൽ തന്നെയായി കണക്കാക്കുകയും മലക്കുകൾ അയാളുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അവർ പറയും: 'അല്ലാഹുവേ ഈ വ്യക്തിയോടു നീ കരുണ കാണിക്കേണമേ. ഇദ്ദേഹത്തിനു പൊറുത്തുകൊടുക്കേണമേ. ഇദ്ദേഹത്തിന്റെ തൗബ സ്വീകരിക്കേണമേ.'(സ്വഹീഹ് മുസ്ലിം, കിതാബുൽ മസാജിദ് ഹദീഥ് 649)

എത്ര വലിയ പുണ്യമാണ് മസ്ജിദിൽവന്ന് നമസ്കരിക്കുന്നവർക്ക്. നമസ്കരിക്കുന്നതിന്റേതു മാത്രമല്ല. മറിച്ച് കാത്തിരിക്കുന്നതിനും അല്ലാഹുവിൽനിന്ന് പ്രതിഫലം ലഭിക്കുന്നു. മലക്കുകൾ അവനുവേണ്ടി ദുആകൾ ചെയ്യുന്നു.

ഇത്രമാത്രം ദയാലുവായ അല്ലാഹുവിനോടുള്ള ആരാധനയുടെ കടമകൾ നിറവേറ്റുന്നതിൽ നമ്മൾ എത്രമാത്രം ചിന്തയോടെയോടെയാണ് പരിശ്രമിക്കേണ്ടത്. അഞ്ചുനേരം മസ്ജിദിൽവന്നുകൊണ്ട് മസ്ജിദിനെ ജനനിബിഢമാക്കാൻ എത്രമാത്രം പരിശ്രമിക്കേണ്ടിയിരിക്കുന്നു. മതത്തിന്റെ ലക്ഷ്യം ഒരു ഏകീഭവം ഉണ്ടാക്കുകയാണ്. ഒരൊറ്റ ജനതയും ഒരൊറ്റ ഉമ്മത്തും ഉണ്ടാക്കുക എന്നതാണ്. അവിടന്ന് പറയുന്നു: 'മനുഷ്യരെയെല്ലാം ഒറ്റ ആത്മാവിനെപ്പോലെയാക്കാനാണ് അല്ലാഹു ആഗ്രഹിക്കുന്നത്. അതിന്റെ പേര് 'വഹ്ദത്തെ ജംഹൂരി' അഥവാ 'ജനാധിപത്യ കൂട്ടായ്മ' എന്നാണ്. ജമാഅത്തായുള്ള നമസ്കാരങ്ങളും ഒത്തൊരുമയ്ക്കുവേണ്ടിയുള്ളതാണ്. ഇതുമുഖേന ഒരുപാട് മനുഷ്യരെല്ലാം ചേർന്ന് ഒരൊറ്റഅവസ്ഥയോടുകൂടി ഒരു മനുഷ്യനെന്ന കല്പനയിൽ മനസ്സിലാക്കപ്പെടുന്നു. ഒരുപാടാളുകൾ കൂടിച്ചേരുമ്പോൾ ഒരു മനുഷ്യനായിത്തീരുന്നു. മതംകൊണ്ടും ഉദ്ദേശിക്കുന്നത് ഇതു തന്നെയാണ്. തസ്ബീഹ് മാലയിലെ മുത്തുകൾപോലെ ജനാധിപത്യ കൂട്ടായ്മയുടെ ഒരു ചരടിൽ എല്ലാവരും കോർത്തിണക്കപ്പെടുക. ജമാഅത്തായിട്ടുള്ള നമസ്കാരവും ഈ ഏകതയ്ക്കുവേണ്ടിയാണ്. എല്ലാ നമസ്കാരക്കാരേയും ഒരു അസ്തിത്വമായി ഗണിക്കുക. പരസ്പരം ചേർന്നു നിൽക്കുവാനുള്ള കല്പന നൽകിയിരിക്കുന്നത്, കൂടുതൽ പ്രകാശമുള്ളവരിൽനിന്ന് അത് കുറവുള്ള ബലഹീനരായവരിലേക്ക് പകർന്നുനൽകി അവർക്ക് ശക്തി നൽകുന്നതിനു വേണ്ടിയാണ്. എത്രത്തോളമെന്നാൽ ഹജ്ജും ഇതിനുവേണ്ടിയുള്ളതാണ്. ഇത്തരത്തിലുള്ള ജനായത്ത ഒത്തൊരുമ ഉണ്ടാക്കുന്നതിനും അത് നിലനിറുത്തുന്നതിനും അല്ലാഹു ആരംഭം കുറിച്ചിരിക്കുന്നത് ഇങ്ങനെയാണ്, അതായത് പ്രദേശവാസികളെല്ലാവരും അവരവരുടെ പ്രദേശത്തുള്ള മസ്ജിദുകളിൽ പോയി അഞ്ചുനേരം നമസ്കാരങ്ങൾ അനുഷ്ഠിക്കുക എന്നുള്ള പ്രഥമ കല്പന നൽകി. അതിലൂടെ സൽസ്വഭാവങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നതിനും എല്ലാവരുടെയും പ്രകാശം ചേർന്ന് ബലഹീനത അകലുന്നതിനും പരസ്പരം പരിചയപ്പെട്ട് മൈത്രി സംജാതമാകുന്നതിനും വേണ്ടി. രണ്ടാമത്തെ കല്പന, ജുമുഅ ദിവസം ജാമിഅ മസ്ജിദിൽ ഒരുമിച്ചുകൂടി പരസ്പരം പരിചയപ്പെടുകയും ഐക്യം നിലനിറുത്തുകയും ചെയ്യുക എന്നാണ്. പിന്നീട് രണ്ടു പെരുന്നാളിനും ഗ്രാമവാസികളും നഗരവാസികളും ഒരുമിച്ചുകൂടി നമസ്കരിക്കുവാൻ നിർദേശം നൽകി. അതിലൂടെ പരസ്പരം പരിചയം പുതുക്കുകയും ജനകീയ കൂട്ടായ്മ ഉണ്ടാകുകയും ചെയ്യുന്നതാണ്. കൂടാതെ ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് സമ്മേളിക്കുവാനായി, കഴിവുള്ളവർ ജീവിതത്തിൽ ഒരു പ്രാവശ്യം മക്കയിൽ പോയി ഹജ്ജ് കർമം നിർവ്വഹിക്കുക. ചുരുക്കത്തിൽ, പരസ്പരം സ്നേഹവും മൈത്രിയും വർധിക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. ഈ സമ്മേളനങ്ങളെക്കൊണ്ടെല്ലാമുള്ള പ്രയോജനം, ഒരാളിലുള്ള

## ഹദീഥുന്നബ്‌വി (സ):

*ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)*

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

പ്രകാശം മറ്റൊരാളിലേക്ക് പ്രവഹിക്കുകയും ആ വ്യക്തിക്ക് കരുത്ത് പകരുകയും ചെയ്യുക എന്ന താണ്.പിന്നീട് തന്റെ എതിരാളികളെ കുറിച്ച് പ റയുന്നു: 'അഹോ കഷ്ടം. ഇസ്‌ലാമിന്റെ തത്ത്വം എത്രമാത്രം കെട്ടുറപ്പുള്ളതാണെന്ന കാര്യം അവർക്കറിയില്ല. ഇസ്‌ലാമിന്റെ വിരോധികൾ അഞ്ചുനേര ഇബാദത്തുകളുടെ ഉദ്ദേശ്യമന്താ ണെന്ന് പറഞ്ഞ് ആരാധനയുടെമേൽ ആക്ഷേപം ഉന്നയിക്കുന്നു. ഓരോ ആഴ്ചയിലേയും ഇബാ ദത്തിന്റെ ഉദ്ദേശ്യമെന്താണെന്ന്! പെരുന്നാളുക ളുടേയും മറ്റു കാര്യങ്ങളുടേയും! അവിടന്ന് പ റയുന്നു: 'ഈ തത്ത്വവും ഓർമ വെക്കേണ്ടതാ ണ്.' പറഞ്ഞു: 'അല്ലാഹുവിന്റെ കല്പനകളിൽ അയവും അതിൽനിന്ന് തികച്ചും മുഖം തിരി ക്കലും ഒരിക്കലും സംഭാവ്യമല്ല.' അവിടന്ന് പ റയുന്നു: 'അഹോ കഷ്ടം! ഇസ്‌ലാമിന്റെ തത്ത്വം എത്രമാത്രം ദൃഢഗാഢമാണെന്ന് അവർക്ക് അറിയുകയില്ല. ഭൗതിക ഭരണാധികാരികളിൽ നിന്ന് അവതരിപ്പിക്കപ്പെടുന്ന കല്പനകളിൽ മനുഷ്യൻ എന്നെന്നേക്കുമായി തളർന്നുപോ കാം. പക്ഷേ, അല്ലാഹുവിന്റെ കല്പനകളിൽ തളർച്ചയും അതിൽനിന്ന് തികച്ചും മുഖം തിരി ക്കലും ഒരിക്കലും സംഭാവ്യമല്ല. കുറഞ്ഞപക്ഷം പെരുന്നാൾ നമസ്കാരമെങ്കിലും അനുഷ്ഠിക്കാ ത്ത ഏതു മുസ്‌ലിമാണുള്ളത്. അതിനാൽ ഈ എല്ലാ കൂടിച്ചേരലുകളും കൊണ്ടുള്ള നേട്ടം, ഒരാളുടെ പ്രകാശങ്ങൾ മറ്റൊരുവനിൽ പ്ര വഹിച്ച് അവന് കരുത്തു പകരുക എന്നതാണ്.' (മൽഫൂദാത്ത്, വാല്യം 7, പേജ് 129–130)

പരസ്പരം കൂടിക്കലർന്ന് ചേരുമ്പോൾ എന്തായാലും അതിന്റെ സ്വാധീനമുണ്ടാകുന്നു. പക്ഷേ, ഇത് തികച്ചും വിശ്വാസത്തിൽ ബല ഹീനരായവർക്കുള്ളതാണ്. പക്ഷേ, യഥാർഥ ഈമാൻ എന്നു പറയുന്നത് അഞ്ചുനേര നമസ്കാരത്തിന് മസ്ജിദിൽ വരിക എന്നതാണ്. അല്ലാഹു നിങ്ങൾക്ക് ഈ മസ്ജിദ് നല്കിയിരി ക്കുമ്പോൾ പ്രത്യേകിച്ചും. അപ്പോൾ നിങ്ങൾ സംഘടിച്ച് ഈ ഏകതയുടെ കാര്യവും ഇവിടെ അവതരിപ്പിക്കേണ്ടതാണ്. യാത്രയ്ക്ക് സൗക ര്യങ്ങളുള്ളവർ അല്ലാഹുവിന്റെ ഫള്‌ലിൽനി ന്ന് ഫലമെടുത്തുകൊണ്ട് ഇതിനെ ജനസാ ന്ദ്രമാക്കുക. പിന്നീട് അല്ലാഹുവും എങ്ങനെ യാണ് കരുണ കാണിക്കുന്നതെന്ന് നോക്കുക. ഇപ്പോൾ പറഞ്ഞതുപോലെ, അല്ലാഹു മലക്കു കളെ അവനുവേണ്ടി ദുആകൾ ചെയ്യാൻ നി യമിക്കുന്നു; അഞ്ചുനേര നമസ്കാരത്തിന് വരു ന്നവർക്കുവേണ്ടി. പിന്നെ ജമാഅത്തായിട്ടു ള്ള നമസ്കാരത്തിന് 27 ഇരട്ടി പ്രതിഫലവും അല്ലാഹു നിശ്ചയിച്ചു. (സ്വഹീഹുൽ ബുഖാരി, കിതാബുൽ അദാൻ, ഹദീഥ് 64)

അല്ലാഹുവിന്റെ ഫള്‌ലുകളുടെ ഈ പ്രകടന മുണ്ടായിട്ടും നമുക്ക് കഴിവുണ്ടായിട്ടും അതിനെ വിലമതിക്കുന്നില്ലെങ്കിൽ അത് ദൗർഭാഗ്യകരമാ ണ്. എല്ലാ അഹ്മദികളും ചിന്തിക്കേണ്ട സ്ഥാന മാണിത്. ഒരു പരിശ്രമത്തോടെ മസ്ജിദിനെ ജനനിബിഢമാക്കേണ്ട ആവശ്യമുണ്ട്. അല്ലാ ഹു നിങ്ങൾക്ക് ഒരു മസ്ജിദ് നൽകിയിരിക്കു ന്നു. യാത്രയ്ക്കുള്ള സൗകര്യമുള്ളവരെല്ലാം ഇവിടെ ഒരുമിച്ചുകൂടി ഈ ഒത്തൊരുമയുടെ പ്രകടനം കാഴ്ചവയ്ക്കേണ്ടതാണ്. അല്ലാഹു വിന്റെ അനുഗ്രഹങ്ങളിൽ നിന്ന് ഫലമെടുത്തു കൊണ്ട് ഈ മസ്ജിദിനെ ജനനിബിഢമാക്കു ക. പിന്നീട് അല്ലാഹുവും എങ്ങനെയാണ് ദയ കാണിക്കുന്നത്. ഞാൻ ഇപ്പോൾ പറഞ്ഞതുപോ ലെ അഞ്ചുനേരം നമസ്കരിക്കാൻ മസ്ജിദിൽ വരുന്നവർക്കുവേണ്ടി അല്ലാഹു ദുആ ചെയ്യാൻ മലക്കുകളെ ചുമതലപ്പെടുത്തി. പിന്നെ ജമാഅ ത്തായിട്ടുള്ള നമസ്കാരത്തിന് 27 ഇരട്ടി കൂടു തൽ പ്രതിഫലവുമുണ്ട്.'(സ്വഹീഹുൽ ബുഖാരി, കിതാബുൽ അദാൻ ഹദീഥ് 645)

അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ പ്രകടന ത്തിനുശേഷവും, നമുക്ക് തൗഫീഖ് ഉണ്ടായിട്ടും നമ്മൾ അതിനെ വിലമതിക്കുന്നില്ലായെങ്കിൽ അത് ദൗർഭാഗ്യമായിരിക്കും. ഓരോ അഹ്മദി യും ചിന്തിക്കേണ്ട അവസരമാണിത്. ഒരു പരി ശ്ര മത്തിലൂടെ മസ്ജിദിനെ ജനസാന്ദ്രമാക്കേണ്ടതു ണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു;

എന്റെ ജമാഅത്തിൽപെട്ടവരാണെന്ന് വിചാ രിക്കുന്ന അല്ലയോ ജനങ്ങളേ! ഭയഭക്തിയുടെ വഴിയിൽ ചലിക്കുമ്പോൾ മാത്രമേ ഉപരിലോക ത്ത് നിങ്ങൾ എന്റെ ജമാഅത്തിൽ പെട്ടവരായി ഗണിക്കപ്പെടുകയുള്ളൂ. അതുകൊണ്ട് നിങ്ങൾ അഞ്ചുനേര നമസ്കാരങ്ങൾ അല്ലാഹുവിനെ കാണുന്നുണ്ടെന്നോണം ഭയഭക്തിയോടും മനഃ സാന്നിധ്യത്തോടുംകൂടി അനുഷ്ഠിക്കുവിൻ. നി ങ്ങളുടെ നോമ്പുകളെ അല്ലാഹുവിനുവേണ്ടി സത്യഹൃദയത്തോടെ പൂർത്തിയാക്കുവിൻ. സ ക്കാത്ത് കൊടുക്കാൻ അർഹരായവർ സക്കാത്ത് കൊടുക്കുവിൻ. ഹജ്ജ് നിർബന്ധമായിക്കഴി ഞ്ഞിട്ടുള്ളവർ തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഹജ്ജ് ചെയ്യുവിൻ. നന്മകൾ, അതിനോട് ഇഷ്ടം തോ ന്നുമാറ് അനുവർത്തിക്കുകയും തിന്മകൾ, അതി നോടു വെറുപ്പു തോന്നും വിധം കൈവെടിയു കയും ചെയ്യുവിൻ.ഭക്തിശൂന്യമായ ഒരു കർ മ്മവും ദൈവത്തോളമെത്തുകയില്ലെന്ന് നിങ്ങൾ ഓർത്തുകൊള്ളുവിൻ. എല്ലാ നന്മകളുടേയും വേര് ദൈവഭക്തിയാകുന്നു. ഈ വേര് നഷ്ട പ്പെടാത്ത കർമം നശിച്ചുപോകുന്നതല്ല.'......... അവിടന്ന് പറഞ്ഞു:'നിങ്ങൾക്ക് വല്ല നഷ്ടവും ഏല്ക്കുന്നുവെങ്കിൽ അത് നിങ്ങളുടെതന്നെ കൈകൾ കൊണ്ടായിരിക്കും. ശത്രുക്കളുടെ കൈ കൾ കൊണ്ടായിരിക്കുകയില്ല. നിങ്ങളുടെ എല്ലാ അന്തസ്സുകളും നഷ്ടമായിക്കൊണ്ടിരുന്നാലും ശാശ്വതമായ കീർത്തി നിങ്ങൾക്ക് സ്വർഗ്ഗലോ കത്ത് അല്ലാഹു നല്കുന്നതാണ്. അതുകൊണ്ട് നിങ്ങൾ അവനെ ഉപേക്ഷിക്കരുത്.' അവിടന്ന് പറഞ്ഞു:'നിങ്ങൾ അല്ലാഹുവിന്റെ അവസാന ത്തെ ജമാഅത്താണ്. അതുകൊണ്ട് പരിപൂ ർണ്ണമായ പദവിയിലുള്ള സൽകർമ്മങ്ങൾ കാ ഴ്ച വെക്കുവിൻ. നിങ്ങളിൽ മടിയന്മാരാകുന്ന ഓരോരുത്തരും വൃത്തികെട്ട വസ്തുവിനെ പ്പോലെ ജമാഅത്തിൽനിന്ന് പുറത്തെറിയപ്പെടു കയും നിരാശരായി മരിക്കുകയും ചെയ്യുന്നതാ ണ്. അതുകൊണ്ട് ദൈവത്തിന് ഒരു ചേതവും വരുത്തുകയില്ല. നോക്കൂ, നിങ്ങളുടെ ദൈവം യ ഥാർഥത്തിൽ നിലവിലുണ്ടെന്ന് വളരെ സന്തോ ഷത്തോടെ ഞാനറിയിക്കുകയാണ്. സർവ്വ തും അവന്റെ സൃഷ്ടികളാണെങ്കിലും അവനെ തിരഞ്ഞെടുക്കുന്നവരെ അവനും തിരഞ്ഞെടു ക്കുന്നു. അവനെ സമീപിക്കുന്നവരെ അവനും സമീപിക്കുന്നു. അവന് ബഹുമാനം കൊടു ക്കുന്നവന് അവനും ബഹുമാനം കൊടുക്കു ന്നു.' അതായത് മനുഷ്യന്.(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19 പേജ് 15)

അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മൗ ഊദ്(അ)ന്റെ വേദന തിങ്ങുന്ന ഈ വാക്കുൾ മനസ്സിലാക്കിക്കൊണ്ട് വിശ്വാസത്തിൽ അഭിവൃ ദ്ധി നേടാൻ തൗഫീഖ് നൽകുമാറാകട്ടെ. ആ രാധനകളോടുള്ള കടമ പൂർത്തിയാക്കുവാൻ തൗഫീഖ് നൽകുമാറാകട്ടെ. അല്ലഹുവുമായി ജീവസ്സുറ്റ ബന്ധം സ്ഥാപിക്കുവാൻ തൗഫീഖ് നൽകുമാറാകട്ടെ. ഈ മസ്ജിദിനെ എപ്പോഴും ജനനിബിഢമാക്കുവാനും നമുക്ക് സാധിക്കുമാ റാകട്ടെ.

മസ്ജിനെക്കുറിച്ചുള്ള ചില വിവരങ്ങൾ ഞാൻ ഇനി നല്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കുറച്ചു വർഷം മുമ്പേ ഈ മസ്ജിദിനുവേണ്ടിയുള്ള ശ്രമം തുടങ്ങിയിരന്നു. അല്ലാഹു പിന്നീട് സ്ഥലവും ലഭ്യമാക്കിയിരു ന്നു. ഈ സ്ഥലം മുഴുവൻ 2640 സ്ക്വയർ മീറ്റ റാണ്. ഇതിൽ ആദ്യമെതന്നെ 15 മുറി അടങ്ങിയ ഒരു മൂന്നു നില കെട്ടിടമുണ്ടായിരുന്നു. ഒരു വലിയ ഹാളുണ്ടായിരുന്നു. സ്ഥലം വാങ്ങുന്ന തിന് ആ നേരത്ത് കടം എന്ന നിലയിൽ കുറച്ചു തുക കേന്ദ്രത്തിൽനിന്ന് എടുത്തിരുന്നു. അമീർ സാഹിബ് പറയുന്നു:അതിൽ ഏകദേശം 50000 യൂറോ അല്ലാത്തതെല്ലാം അടച്ചു കഴിഞ്ഞിരിക്കു ന്നു. പിന്നീട് കൗൺസിലിന്റെ ചില ആക്ഷേപ ങ്ങളുണ്ടായിരുന്നു. അത് വിവിധ മീറ്റിംഗുകളിൽ അകറ്റി. മേയറിനോടൊപ്പം വിവിധ മീറ്റിംഗുകൾ ചേർന്ന് പ്ലാൻ കൊടുത്തു. അല്ലാഹുവിന്റെ അനു ഗ്രഹത്താൽ ഈ പ്ലാനും പാസായി. അവരുടെ പ്ലാനനുസരിച്ച് നിർമാണ റിപ്പോർട്ടനുസരിച്ച് ആർക്കിടെക്റ്റ് ഒരു മില്യൺ യൂറോയുടെ എസ്റ്റി മേറ്റാണ് നൽകിയിരുന്നത്. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഫ്രാൻസ് അത് പൂർത്തിയാക്കു മെന്ന വാഗ്ദാനം നൽകുകയും ഉത്തരവാദിത്തം ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ, അല്ലാഹു വിന്റെ അനുഗ്രഹത്താൽ അഞ്ചു ലക്ഷത്തി മു പ്പതിനായിരം യൂറോയ്ക്ക് ഈ മസ്ജിദിന്റെ നി ർമാണം പൂർത്തിയായി. ഇതുവരെ ഖുദ്ദാമുൽ അഹ്മദിയായുടെ ഭാഗത്തുനിന്ന് മൂന്നര ലക്ഷം യൂറോ കിട്ടിയിട്ടുണ്ട്. ബാക്കി ജമാഅത്തും വഹിച്ചു. തങ്ങൾ ബാക്കിയുള്ള തുകയും ന ല്കുമെന്നാണ് ഖുദ്ദാമുൽ അഹ്മദിയ പറയുന്ന ത്. പക്ഷേ, ഖുദ്ദാമുൽ അഹ്മദിയ്യ കൊടുത്തു കഴിഞ്ഞു. ഒരു പക്ഷേ, ബാക്കി പൂർത്തിയാക്കു കയും ചെയ്യും. ഇൻശാ അല്ലാഹ്. 'ഒരുപക്ഷേ, എന്ത്!' ഇൻശാ അല്ലാഹ് അവർ പൂർത്തിയാ ക്കുന്നതായിരിക്കും. പക്ഷേ, ജമാഅത്തിലെ മറ്റുള്ളവർ ഇക്കാര്യത്തിൽ പിന്നിൽ നില്ക്കു ന്നതെന്താണ്. ഇങ്ങനെയൊരു മസ്ജിദ് നിർമി ക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ലജ്നയും അൻസ്വാറും ചേർന്നുകൊണ്ട് ഒരു മസ്ജിദ് നി ർമിക്കുവാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുക യാണ് വേണ്ടത്. ഇരുവരും ചേർന്ന് എടുക്കുക. അൻസ്വാറും ലജ്നയും ചേർന്നുകൊണ്ട് അടു ത്ത മൂന്നു വർഷത്തിനകം ഒരു മസ്ജിദുകൂടി ഇവിടെ നിർമിക്കപ്പെടേണ്ടതാണ്. ഈ മസ്ജിദ് നിർമാണത്തിന് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. അവരുടെ റിപ്പോർട്ടനുസരിച്ച് അതിൽ ബഹുമാ ന്യരായ അസ്‌ലം ഡൂബോറി സാഹിബ്, ശഹ് ബാസ് സാഹിബ്, മുഹമ്മദ് ആസിം സാഹിബ്,

(ശേഷം പേജ് 8ൽ)

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.' (ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

താലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

# അമീറുൽ മുഅ്മിനീനും മുഅ്മിനീംകളും

## മൗലവി മുഹമ്മദു ഇസ്മായീൽ ആലപ്പുഴ

**(കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച)**

ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഒരു ഖുത്ബയിൽ ജമാഅത്തംഗങ്ങളുടെ ആത്മാർഥതയും കൂറും വിവരിച്ചുകൊണ്ടു പറഞ്ഞു: "ഖിലാഫത്തിനെ അങ്ങേയറ്റം സ്നേഹിക്കുന്ന ഒരു സ്നേഹിതന്റെ കത്ത് കിട്ടി. അദ്ദേഹം പറയുന്നു, 'ബ്രിട്ടനിലെ ആളുകൾ നോക്കുകയില്ലെന്നോ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുകയില്ലെന്നോ ഉള്ള ചിന്ത എനിക്കില്ല. ഒരിക്കലും അങ്ങനെയൊരു ചിന്ത ഉണ്ടായിട്ടുമില്ല. തന്റെ ആശങ്ക അദ്ദേഹം പഞ്ചാബിയിൽ പ്രകടിപ്പിച്ചത്, *കഹീ ആപ് കൊ 'മൽ ഹി നഃ ലേ'* എന്നാണ്. എനിക്കുള്ള ഭയം അങ്ങയെ അവർ കൈവശപ്പെടുത്തിക്കളയുമോ എന്നതാണ്........ ഇതു വളരെ ഉദാത്തമായ സ്നേഹത്തിന്റെ പ്രകടനമാണ്. ഞാനിദ്ദേഹത്തോടു പറയുകയാണ്, എല്ലാ പാക്കിസ്ഥാൻ വാസികളോടും പറയുകയാണ്, പ്രത്യേകിച്ചും റബ്വയിലെ ദർവേശുമാരോടു പറയുകയാണ്, ഞാൻ കൈവശപ്പെട്ടു കഴിഞ്ഞിരിക്കുന്നു. എന്റെ ജീവിതം, എന്റെ ഇരുപ്പും എഴുന്നേല്ക്കലും, എന്റെ ജീവിതവും എന്റെ മരണവും നിങ്ങളോടൊപ്പമാണ്. അല്ലാഹുവിന്റെ വഴിയിൽ പ്രയാണം ചെയ്യുന്ന ദർവേശുമാരുടെ സ്നേഹത്തെ ഞാൻ മറക്കുക എന്നത് അസംഭാവ്യമാണ്. ലോകത്തുള്ള ഒരു ശക്തിയ്ക്കും എന്റെ ഹൃദയത്തിലുള്ള ഈ സ്നേഹത്തെ നുള്ളിപ്പറിച്ചെടുക്കാൻ സാധ്യമല്ല. ലോകത്തുള്ള കണ്ണഞ്ചിപ്പിക്കുന്ന ഒരു വസ്തുവിനും ഭൗതികമായ ഒരു അനുഗ്രഹത്തിനും എന്റെ ദൃഷ്ടിയെ നിങ്ങളിൽ നിന്നെടുത്ത് തങ്ങളിൽ സ്ഥാപിക്കാൻ സാധ്യമല്ല. അല്ലാഹുവിനിഷ്ടപ്പെട്ട ലക്ഷക്കണക്കിന്നാളുകളുണ്ട്. ഞാനവരെ സ്നേഹിക്കുന്നുമുണ്ട്. ലക്ഷക്കണക്കിനിഷ്ടപ്പെടുന്നവരുമുണ്ട്; അല്ലാഹുവിൽനിന്ന് ഞാൻ ഈ സ്ഥാനത്ത് അവരോധിതനായിരിക്കുന്നുവെന്ന ഒറ്റക്കാരണത്താൽ നിങ്ങളെപ്പോലെ തങ്ങളുടെ ഇമാമിനേയും എന്നെയും സ്നേഹിക്കുന്നവരുണ്ട്. പക്ഷേ, ആ എല്ലാ സ്നേഹങ്ങളും അതിന്റെ സ്ഥാനത്തു ശരിതന്നെ. എന്നാൽ, അല്ലയോ റബ്വയിലെ പരിശുദ്ധരായ ദർവേശുമാരേ! അല്ലാഹുവിനുവേണ്ടി പീഢനങ്ങൾ ഏറ്റുവാങ്ങുന്ന അവന്റെ വീട്ടിലെ ഫക്കീറുമാരേ! നിങ്ങളുടെ സ്നേഹത്തിനു വേറിട്ടൊരു സ്ഥാനമാണുള്ളത്. അതിന് അത്യത്ഭുതകരമായൊരു തേജോവിലാസമാണുള്ളത്. അതിനെ ചെറുക്കാൻ ലോകത്താർക്കും സാധ്യമല്ല. ഒരു പദ്യശകലം എനിക്കോർമ വരുന്നു. ഒരുപക്ഷേ, അതുകൊണ്ട് എന്റെ മനസ്സിലുള്ളതു നിറവേറ്റപ്പെടും. ഒരു കവി പറഞ്ഞു:

ഹം ജിസ് പർ മർ രഹെ ഹൈ
വൊ ഹെ ബാത് ഹി കുച്ച് ഔർ
തുംസെ ജഹാൻ മെ ലാഖ് സഹി
തും മഗർ കഹാൻ

നമ്മൾ ഏതൊരുത്തനു വേണ്ടി മരിച്ചു കൊണ്ടിരിക്കുന്നുവോ, അക്കാര്യം ഒന്നു വേറെ തന്നെയാണ്. ലക്ഷക്കണക്കിന്നാളുകൾ ലോകത്തുണ്ടെന്നത് ശരിതന്നെ, എന്നാൽ നിങ്ങളുടെ സ്ഥാനം അവർക്കെവിടെ? (ഖുത്ബാത്തെ ത്വാഹിർ വാള്യം 3, പേജ് 531,532)

ഹ്ദറത്ത് മിർസാ നാസിർ അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) പറയുന്നു: "1967–ൽ ഡന്മാർക്കിലെ കോപ്പൻഹേഗ് എന്ന സ്ഥലത്ത് കുറച്ചു പാതിരിമാർ എന്നെ കാണാൻ വന്നു. അവരിലൊരാൾ എന്നോടു ചോദിച്ചു, 'അഹ്മദിയ്യാ ജമാഅത്തിൽ താങ്കളുടെ സ്ഥാനമെന്താണ്?' ഞാനയാളോടു പറഞ്ഞു, 'താങ്കളുടെ ചോദ്യം ശരിയല്ല. കാരണം ഞാൻ മസ്സിലാക്കുന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമും അഹ്മദിയ്യാ ജമാഅത്തും ഒരേയൊരു വസ്തുവിന്റെ രണ്ടു പേരുകളാണ്. അതായതു ഖലീഫയും ജമാഅത്തും ചേർന്ന് ഒരു അസ്തിത്വമായിമാറുന്നു. അതുകൊണ്ടു ജമാഅത്തിന്റെ ദുഃഖങ്ങൾ അകറ്റുന്നതിനുവേണ്ടി പരിശ്രമിക്കുക എന്നത് അദ്ദേഹത്തിന്റെ പ്രവർത്തിയാണ്; അദ്ദേഹം നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുക എന്നതാണ്.'

"ആഴ്ചകളോളം നിങ്ങൾക്കുവേണ്ടി രാത്രി ഉറക്കമിളച്ചിരുന്ന് പ്രാർഥിക്കുന്ന അവസ്ഥകളും ഖലീഫയ്ക്കുണ്ടാകാറുണ്ട്. 1974–ൽ ഇങ്ങനെ പ്രാർഥിക്കേണ്ടതായ അവസ്ഥ വന്നു. ആ ഘട്ടത്തിൽ രണ്ടു മസത്തോളം അല്പംപോലും ഉറങ്ങിയിരുന്നില്ല എന്നാണ് എനിക്കു തോന്നുന്നത്. മാസങ്ങളോളം പ്രാർഥനയിൽ കഴിച്ചുകൂട്ടി. ഖലീഫ എന്നു പറയുന്നത് നിങ്ങളുടെ ദുഃഖങ്ങളിൽ പങ്കുകൊള്ളുന്ന ആളാണ്. നിങ്ങളുടെ സന്തോഷങ്ങളിൽ പങ്കുകൊള്ളുന്ന ആളാണ്." (അൽഫദ്ൽ ദിനപത്രം 21–05–1978)

ജമാഅത്തിനോടു തനിക്കുള്ള സ്നേഹം വിവരിച്ചുകൊണ്ട് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) പറയുന്നു: "ഇതിനു പുറമെ സ്നേഹിതന്മാർ വ്യക്തിപരമായി അക്കാലത്തു അനുഭവിച്ച ആ കാഠിന്യങ്ങളെല്ലാം എന്റെ നെഞ്ചിൽ ഒരുമിച്ചുകുടി കട്ടപിടിച്ചിരുന്നു. ആ നാളുകളിൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും കൊണ്ട് രാത്രി മുഴുവൻ ഒരു മിനിറ്റുപോലും ഉറങ്ങാതെ സ്നേഹിതന്മാർക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരുന്ന രാത്രികളും ഉണ്ടായിട്ടുണ്ട്. സഹോദരന്മാരോടു എന്റെ ആരോഗ്യത്തിനുവേണ്ടി പ്രാർഥിക്കാൻ ഞാൻ അപേക്ഷിക്കുകയാണ്. അല്ലാഹു ഈ സാധുവിന്റെ ചുമലിൽ ഇട്ടിട്ടുള്ള ഉത്തരവാദിത്തങ്ങൾ അവന്റെ അനുഗ്രഹംകൊണ്ട് നല്ല നിലയിൽ നിറവേറ്റുന്നതിന് സൗഭാഗ്യം കിട്ടാൻ പ്രാർഥിക്കുക; നമുക്കൊരുമിച്ച് ആ ചുമതലകൾ നിറവേറ്റാൻ കഴിയുമാറാകുന്നതിനുവേണ്ടി പ്രാർഥിക്കുക. കാരണം എന്റെ നോട്ടത്തിൽ എന്റേയും ജമാഅത്തംഗങ്ങളുടേയും അസ്തിത്വങ്ങൾ തമ്മിൽ ഒരു വിവേചനവുമില്ല, ഒരു വ്യത്യാസവുമില്ല. നമ്മൾ ഇരുവരും 'ജമാഅത്തിന്റെ ഇമാമും ജമാഅത്തും' ഒരേയൊരു അസ്തിത്വത്തിന്റെ രണ്ടു പേരുകളാണ്. ഒരേയൊരു വസ്തുവിന്റെ രണ്ടു വ്യത്യസ്ത കോണുകളാണ്. വാഗ്ദത്ത മഹ്ദി മുഖേന ഹ്ദറത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ ദീൻ വിജയിക്കുമെന്നുള്ള സുവിശേഷങ്ങളുടെ മിന്നലാട്ടം നമ്മുടെ ജീവിതത്തിൽ നമുക്ക് കാണാൻ അല്ലാഹു സൗഭാഗ്യം നല്കി അനുഗ്രഹിക്കുമാറാകട്ടെ."(അൽഫ്ദൽ ദിനപത്രം 1976 ഏപ്രിൽ 17)

---

**(പേജ് 7ൽനിന്ന്)**

മൻസ്വൂർ സാഹിബ് എന്നിവർ വലിയ അധ്വാനം ചെയ്തിട്ടുണ്ട്. അല്ലാഹു അവർക്ക് പ്രതിഫലം നല്കുമാറാകട്ടെ.

കൗൺസിലിന്റെ കാൽകുലേഷൻ അനുസരിച്ച് നിയമപരമായി ഈ മസ്ജിദിൽ ഇപ്പോൾ 250 പേർക്കു നമസ്കരിക്കുവാനുള്ള സ്ഥലമാണുള്ളത്. 50 വാഹനങ്ങൾ പാർക്ക് ചെയ്യുവാനുള്ള സ്ഥലവുമുണ്ട്. ജമാഅത്തിന്റെ ഒരു ഓഫീസും ലജ്നയുടെ ഒരു ഓഫീസുമുണ്ട്. സ്ത്രീകൾക്കും പുരുഷന്മാർക്കും ലൈബ്രറിയുണ്ട്. ഇപ്രകാരംതന്നെ മതിയാവോളം കുളിമുറി തുടങ്ങിയവയുമുണ്ട്. വലിയ കവേർഡ് പാർക്കിങ് ഹാളുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ അവിടെയും 125 പേർക്ക് ഇരിക്കാം. 15 മുറികളുള്ള ഒരു കെട്ടിടമായിരുന്നു മുമ്പേ ഉണ്ടായിരുന്നത്. അത് റിപ്പയ്ർ ചെയ്ത് തയ്യാറാക്കിയിരിക്കുകയാണ്. ഇതും ഉപയോഗ യോഗ്യമാണ്.

സ്ട്രാസ്ബർഗ് നഗരത്തിൽ നിന്ന് പതിനഞ്ചു കിലോമീറ്റർ അകലെയാണ് ഈ മസ്ജിദ് നിലകൊള്ളുന്നത്. മസ്ജിദിന്റേയും ഹാളിന്റെയും കവേർഡ് ഏരിയ 303 ചതുരശ്ര മീറ്ററാണ്. അതിൽ മുറബ്ബി ഹൗസും നാലു മുറിയുള്ള ഗസ്റ്റ് ഹൗസുമുണ്ട്. ഔദ്യോഗികമായി മിനാരം പണിയുവാനുള്ള അനുമതി ലഭിച്ചില്ലെങ്കിലും മസ്ജിദിന്റെ വലതുഭാഗത്ത് ഒരു ഡോം(Dome) വയ്ക്കുവാനുള്ള അനുമതി ലഭിച്ചു. അത് വളരെ മനോഹരമായി തോന്നുന്നു. അത് മസ്ജിദിന്റെ തന്നെ ഭാഗമാണ്. മസ്ജിദിനകത്ത് മിഹ്റാബുണ്ട്. എല്ലാമുണ്ട്. ഉള്ളിലും ഇത് വൃത്തത്തിൽ എഴുതപ്പെട്ടിരിക്കുന്നു. അല്ലാഹു ഇത് എല്ലാവിധത്തിലും അനുഗൃഹീതമാക്കട്ടെ. ഈ മസ്ജിദ് നിർമാണത്തിനു വേണ്ടി ത്യാഗം ചെയ്ത ഖാദിമീങ്ങളുടെ ജീവനിലും സ്വത്തിലും അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകട്ടെ. സാമ്പത്തിക ത്യാഗം മാത്രമല്ല അവർ ചെയ്തിട്ടുള്ളത്. മസ്ജിദിനെ ജനനിബിഡമാക്കുന്ന കാര്യത്തിന്റെ പൊരുൾ മനസ്സിലാക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഖാദിമീങ്ങളുടെ ആരാധനകളുടെ നിലവാരവും ഉയരട്ടെ. മൊത്തം ജമാഅത്തംഗങ്ങളുടെ നിലവാരവും വർധിച്ചുകൊണ്ടിരിക്കട്ടെ. (ആമീൻ)

★★★

### അല്ലാഹുവിന്റെ കലാം

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

### കലാമുൽ ഇമാം:-

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

**വിവർത്തനം:അമീൻ മുഹമ്മദ് മാത്ര**

*(ബയ്ത്തുസ്സമദ് മസ്ജിദിന്റെ ഉൽഘാടപ്രഭാഷണത്തെ തുടർന്ന് അതിഥികളുടെ പ്രതികരണങ്ങൾ. തുടർച്ച....)*

ഈ സാഹചര്യങ്ങളിൽ അദ്ദേഹം വളരെയധികം യുക്തിഭദ്രമായതും പ്രമാണബദ്ധവുമായ സന്ദേശമാണ് നല്കിയത്. ഒരു ബുദ്ധിമാനും അത് നിരാകരിക്കാൻ കഴിയില്ല. സമൂഹത്തിൽ സമാധാനം സ്ഥാപിക്കാനുള്ള വളരെ എളുപ്പമുള്ള പരിഹാരം ഞാൻ പഠിച്ചു കഴിഞ്ഞു. അതിതാണ്. സ്വന്തം വീട്ടിൽനിന്ന് ആരംഭിക്കുക. അയൽവാസികളോട് നല്ലരീതിയിൽ പെരുമാറുക. മുഴു ലോകത്തേയും മാറ്റേണ്ട ആവശ്യം നിങ്ങൾക്കില്ല. കേവലം നിങ്ങൾ സഹകരിക്കുന്ന വ്യക്തികളിൽ സ്നേഹം വിതറിയാൽ മതിയാകും. അവരെ സേവിച്ചാൽത്തന്നെ സമൂഹം മുഴുവൻ സമാധാന നിർഭരരായിക്കൊള്ളും. ഇത് വളരെ എളുപ്പത്തിലുള്ള കുറിപ്പടിയാണ്. സത്യത്തെ പ്രചരിപ്പിക്കാനാണ് ഇസ്‌ലാം പറയുന്നത്. യഥാർഥ സത്യത്തിലേക്കുള്ള ക്ഷണം സ്വന്തം മാതൃകയിലൂടെയാണ്. നിങ്ങളുടെ മാതൃക നല്ലതാണെങ്കിൽ മറ്റെല്ലാ പ്രവർത്തനവും എളുപ്പമായി തീരുന്നതാണ്. ബാൾട്ടിമോറിലെ സാഹചര്യത്തെ നേരിടുന്നതിന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് രംഗത്ത് വന്നിട്ടുണ്ട്. സമൂഹത്തിൽ ഒരു ഗുണപ്രദമായ മാറ്റം ഉണ്ടാക്കാൻ അത് ഉറച്ച തീരുമാനമാണ് എടുത്തിട്ടുള്ളത്. ഇത് വളരെ അനുകരണീയമായ മാതൃകയാണ്. എന്നാൽ, നിങ്ങളുടെ സൽപ്രവൃത്തി മീഡിയ നല്ലവണ്ണം അവതരിപ്പിക്കുന്നില്ല. ഈ പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കാറുമില്ല.ഏത് സാഹചര്യത്തിലും ഞാൻ നിങ്ങളോടൊപ്പമാണ്.

District 48 ൽ നിന്നുള്ള സ്റ്റേറ്റ് പ്രതിനിധി തന്റെ വികാരം ഈവാക്കുകളിലാണ് പ്രകടിപ്പിച്ചത്: ഈ പ്രഭാഷണം മുഖേന ഞാൻ വളരെ ആകർഷിതയാണ്. പ്രത്യേകിച്ചും മുസ്‌ലിമീങ്ങളെ സംബന്ധിച്ച് ഭീതി പരന്നിട്ടുള്ള സാഹചര്യത്തിൽ. ഈ രാജ്യത്ത് വർഗീയാടിസ്ഥാനത്തിൽ വിവേചനമുണ്ട്. ഈ സാഹചര്യത്തിൽ ഹുദൂർ നമ്മുടെ ഉത്തരവാദിത്വങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. എല്ലാവരേയും സ്നേഹിക്കാനും ഒരാളേയും വെറുക്കാതിരിക്കാനും അദ്ദേഹം ഉണർത്തി. ഈ രണ്ടു കാര്യം തന്നെയാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. സ്നേഹം, സമാധാനം, നീതി തുടങ്ങിയ ശ്രേഷ്ഠ മൂല്യങ്ങൾ ബാൾട്ടിമോർ നേടിയെടുക്കേണ്ടതുണ്ട്. അദ്ദേഹം ഇവിടെ എത്തിയതിലും ഈ സുപ്രധാന സന്ദേശം നമുക്ക് നല്കിയതിലും ഞാൻ വളരെയധികം നന്ദി രേഖപ്പെടുത്തുന്നു.

അവരുടെ ഭർത്താവ് തന്റെ വികാരം ഇങ്ങനെ പ്രകടിപ്പിക്കുന്നു: 'എന്റെ ഭാര്യ പറഞ്ഞതുപോലെ ഇത് നമുക്ക് വേണ്ടിയുള്ള സുപ്രധാന സന്ദേശമാണ്. ഹുദൂറിന്റെ സാന്നിധ്യം നമുക്കേവർക്കും ലഭിച്ച അഭിമാനമാണ്. നമ്മൾ സ്വയം പരിശ്രമിച്ച് സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി ചെയ്യുന്നതിനേക്കാളും കൂടുതൽ സ്വാധീനം ഹുദൂറിന്റെ സാന്നിധ്യം മുഖേന ഉണ്ടായിട്ടുണ്ട്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കേവലം ഇവിടെ മാത്രമല്ല മുഴുവൻ യൂ.എസ്.എ യിലും ഉന്നത മാതൃക കാഴ്ച വെച്ചു കൊണ്ടിരിക്കുന്നു. ഞങ്ങൾ രണ്ടുപേരും ക്രിസ്ത്യാനികളാണ്. ഞങ്ങൾക്ക് ധാരാളം മുസ്‌ലിം മിത്രങ്ങളുണ്ട്. അവരുമായി ആഴത്തിലുള്ള ബന്ധമുണ്ട്.നിങ്ങളുടെ ശ്രമങ്ങൾക്ക് വളരെ നന്ദിയുണ്ട്.

ഒരു വൃദ്ധ പറയുന്നു: 'ഞാൻ ഹുദൂറിൽനിന്ന് വളരെ കാര്യങ്ങൾ പഠിച്ചു.ഈ സന്ദേശം യു.എസ്എ യ്ക്കുള്ള സുപ്രധാന സന്ദേശമാണ്. എന്റെ ആഗ്രഹം യൂ.എസിലും ഹുസൂറിനെ പോലെയുള്ള വ്യക്തികൾ സമാധാന സ്ഥാപനത്തിന് കൂടുതൽ വേണമെന്നാണ്. നിങ്ങൾക്ക് വളരെ നന്ദി.

ഒരു മഹിള അതിഥി ഉമയ്റ ഖാളി സാഹിബ തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ വ്യക്തമാക്കുന്നു:

'ഒരു കുടുംബ സുഹൃത്താണ് ഞങ്ങൾക്ക് ഇവിടെ വരാനുള്ള ക്ഷണം നല്കിയത്. അഹ്മദികളുടെ പ്രോഗ്രാം കാണണം എന്ന അന്വേഷണത്തിലാണ് ഞാനിവിടെ വന്നത്. ഹുദൂറിന്റെ വ്യക്തിത്വത്തിൽ ഞാൻ വളരെ ആകൃഷ്ടയാണ്. ഹുസൂറിന്റെ സന്ദേശം സുപ്രധാനമാണ്. ഈ മസ്ജിദിന്റെ ലക്ഷ്യങ്ങൾ പൂർത്തിയാക്കുമെന്ന് ഹുദൂർ നമുക്ക് ഉറപ്പ് നല്കുന്നു. ഇവിടുത്തെ സമൂഹം ഇതെങ്ങനെ പൂർത്തിയാക്കുമെന്ന് ഞാൻ ആകാംക്ഷയോടെ പ്രതീക്ഷിക്കുകയാണ്. ഞാനിവിടെ നമസ്കരിക്കാൻ വരുന്നതാണ്. എന്റെ അഭിപ്രായത്തിൽ അങ്ങ് വളരെ യുക്തമായ സമയത്താണ് ഞങ്ങൾക്ക് വളരെ നല്ലരീതിയിൽ കാര്യങ്ങൾ മനസ്സിലാക്കി തന്നിരിക്കുന്നത്. ഭിന്നതയുടെ കാര്യങ്ങൾ ഉപേക്ഷിച്ചുകൊണ്ട് നാമെല്ലാവരും ഒന്നു ചേർന്ന് പൊതു കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ഒരു പ്ലാറ്റുഫോറം വേണമെന്നത് എന്റെ ഒരു ആഗ്രഹമായിരുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വളരെ അഭിമാനാർഹമായ പ്രവൃത്തിയാണ് ചെയ്തിരിക്കുന്നത്. ഈ പ്രവൃത്തി കൂടുതൽ വളരണമെന്നും വ്യാപ്തി കൈവരിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

ന്യൂജേഴ്സിയിൽ നിന്നുള്ള ഒരു മെഡിക്കൽ വിദ്യാർഥിനി ലയ്‌ല ഖാളി സാഹിബ തന്റെ വികാരം ഈ വാക്കുകളിൽ വ്യക്തമാക്കി: 'എല്ലാവരേയും ഒരുമിപ്പിച്ചുകൊണ്ട് പ്രവർത്തിക്കാനാണ് ഹുദൂർ ആഹ്വാനം ചെയ്യുന്നത്. ഇത് മഹത്തരമായ ഒരു സന്ദേശമാണ്. മസ്ജിദ് ജനങ്ങൾ ഒന്നു ചേരുന്ന സ്ഥലമാണ്. ഇബാദത്തിനു വേണ്ടി മാത്രമല്ല, എല്ലാവരേയും ഐക്യപ്പെടുത്തുന്ന സ്ഥലവുമാണ്. ഈ സന്ദേശം എന്നിൽ വളരെ സ്വാധീനമുണ്ടാക്കി. പ്രത്യേകിച്ചും സെപ്റ്റംബർ പതിനൊന്ന് സംഭവത്തിനു ശേഷം ഇവിടെ മുസ്‌ലിമീങ്ങൾ വളരെ മോശമായ നിലയിലാണ് വീക്ഷിക്കപ്പെടുന്നത്. അതുപോലെ തന്നെ മസ്ജിദുകൾ സംശയ ദൃഷ്ടിയോടെ നോക്കപ്പെടുന്നു. എന്റെ അഭിപ്രായത്തിൽ ഇതു വളരെ നല്ല പരിപാടിയായിരുന്നു. ഇവിടെ അമുസ്‌ലിമീങ്ങ ളും ക്ഷണിക്കപ്പെട്ടിരിക്കുന്നു. മസ്ജിദിന്റെ ലക്ഷ്യങ്ങളെ സംബന്ധിച്ച് തുറന്ന് ചോദിക്കാനും തൃപ്തിയടയാനും സാധിച്ചു. തന്റെ ജമാഅത്ത് സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി ധാരാളം സേവന പ്രവർത്തനങ്ങൾ ചെയ്തു വരുന്നതായും ഹുദൂർ പറയുകയുണ്ടായി.അമുസ്‌ലിമീങ്ങൾ ഇസ്‌ലാമിനെ സമബന്ധിച്ച് വളരെ നല്ലതും ഗുണപ്രദവുമായ ചിത്രവുമായിട്ടായിരിക്കും ഇവിടെ നിന്ന് മടങ്ങുക എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.'

### ഒക്ടോബർ 20, 2018– ശനിയാഴ്ച

ഒരു പ്രസ്ബിറ്റേരിയൻ ചർച്ചിന്റെ(Presbyterian Church) മിനിസ്റ്ററായ. മിശ്അൽ സാഹിബ തന്റെ അഭിപ്രായങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു:'ഹുദൂറിന്റെ സമാധാനത്തിനുവേണ്ടിയുള്ള സന്ദേശം വളരെ സ്വാധീനമുണ്ടാക്കി. ബാഹ്യമായ ഐക്യത്തിനും അഖണ്ഡതയ്ക്കും ഹുദൂർ പ്രത്യേകം ഊന്നൽ നല്കി. ഭയത്തെ നീക്കിക്കൊണ്ട് സ്നേഹം സ്ഥാപിക്കുന്നതിലേക്ക് ശ്രദ്ധ ചെലുത്തി. ഈ സന്ദേശം വളരെ പ്രാധാന്യമുള്ളതാണ്. മസ്ജിദിന്റെ ലക്ഷ്യത്തെ സംബന്ധിച്ച് ഹുദൂർ നല്കിയ വിവരണം മഹത്തരമായിരുന്നു. ശേഷം അയൽവാസികളോടുള്ള സൽപ്പെരുമാറ്റത്തെ കുറിച്ചും സൂചിപ്പിച്ചു. എനിക്ക് ഇതെല്ലാം പുതിയ കാര്യമായിരുന്നു. ഞാൻ വളരെ ആകൃഷ്ടയാണ്. ക്രിസ്തുമതത്തിൽ നല്കപ്പെട്ടിട്ടുള്ള അതേ സ്നേഹത്തിന്റെ അധ്യാപനമാണ് ഇതെന്ന് ഇന്നെനിക്ക് മനസ്സിലായി. എന്നാൽ, മീഡിയ തികച്ചും മറ്റൊരു കാര്യമാണ് അവതരിപ്പിക്കുന്നത്. ഇക്കാര്യങ്ങൾ ഹുദൂർ വിശദീകരിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.'

ഒരു ചരിത്രകാരി ഡോക്ടർ ഫാതിമ സാഹിബ തന്റെ അനുഭവം ഇങ്ങനെ വിവരിച്ചു: എന്റെ ഗവേഷണവിഷയം 'യു.എസ്.ഏ യിൽ ഇസ്‌ലാം' എന്നതാണ്. ഇതു വിഷയകമായി ഞാൻ യൂ.എസ്.ഏ യിൽ വളരെ ചെയ്തു കഴിഞ്ഞു. ഞാനൊരു മതപണ്ഡിതയൊന്നുമല്ല. കേവലം ചരിത്രകാരിയാണ്. ഇതു വിഷയകമായി ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ദീനിനെ പരിഷ്കരിച്ചു എന്ന് ഹുദൂർ സൂചിപ്പിച്ചിരുന്നു. ഇനി ഇതു വിഷയകമായി കൂടുതൽ ഗവേഷണം നടത്തണമെന്ന് എനിക്ക് ആഗ്രഹം ഉണ്ട്. ഇതറിഞ്ഞപ്പോൾ എനിക്ക് വളരെ സന്തോഷം തോന്നി. ഇനി എന്റെ ഗവേഷണത്തിന്റെ വൃത്തം മിർസാ ഗുലാം അഹമദ് സാഹിബായിരിക്കും. അദ്ദേഹത്തിന്റെ ലിഖിതങ്ങളും ഗ്രന്ഥങ്ങളും മുഖേനയാണ് ഈ പരിഷ്കരണം നടന്നിട്ടുള്ളത്. ഹുദൂറിന്റെ സമാധാന സന്ദേശം വിസ്മയം ഉളവാക്കുന്നതാണ്. അദ്ദേഹം ഇസ്‌ലാമികമായ സൽപ്പെരുമാറ്റം കേവലം മതങ്ങളിൽ മാത്രം ചുരുക്കിയില്ല. നിർമതരിലേക്കും അത് വ്യാപിപ്പിക്കാൻ പറഞ്ഞു. വർണ്ണ വർഗ്ഗ വിശ്വാസങ്ങൾക്കതീതമായി നാമെല്ലാവരും ഒന്നു ചേർന്ന് മനുഷ്യകുലത്തിന്റെ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കേണ്ടതുണ്ട്. എത്ര ഗംഭീരമായ സന്ദേശമാണിത്. മുസ്‌ലിം എന്ന നിലയിൽ നമ്മൾ സംശയദൃഷ്ടിയോടെ വീക്ഷിക്കപ്പെടുന്നു. അതുകൊണ്ട് ഒരു മഹാനായ മുസ്‌ലിമിന്റെ ഭാഗത്തുനിന്ന് ഇസ്‌ലാമിക അധ്യാ

## ഹദീഥുന്നബ്‌വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## കലാമുൽ ഇമാം:–

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

പനങ്ങൾ വിശദീകരിക്കുക എന്നത് ഒരു ഉത്തമമായ നീക്കമാണ്. ഈ പ്രോഗ്രാമിൽ വരാൻ സാധിച്ചതിൽ എനിക്ക് വളരെ സന്തോഷം ഉണ്ട്. ക്ഷണിച്ചതിൽ വളരെ നന്ദിയുമുണ്ട്.’

ഒരു വനിത അതിഥി പറയുന്നു: ‘ഞാൻ എല്ലാ ഞായറാഴ്ചയും ചർച്ചിൽ ലോക സമാധാനത്തിനു വേണ്ടി പ്രാർഥിക്കുന്നുണ്ടായിരുന്നു. നമ്മൾ പരസ്പരം കൂടുതൽ അടുക്കണമെന്ന് ഹുദൂർ പറഞ്ഞിരുന്നു. പരസ്പരം മനസ്സിലാക്കേണ്ടതുണ്ട്. മത വിശ്വാസങ്ങളേയും സമൂഹങ്ങളേയും ഭയപ്പെടരുത്. നമ്മൾ അങ്ങനെതന്നെ ആയിത്തീരേണ്ടത് അനിവാര്യമാണ്. ഞാൻ അതിന്നു വേണ്ടി തന്നെയാണ് ഇവിടെ വന്നത്. ഹുദൂറുമായി കൂടിക്കാണണം എന്നും എനിക്ക് ആഗ്രഹമുണ്ട്. എന്നാലിവിടെ ധാരാളം പേരുണ്ട്. ഒരു പക്ഷേ സാധ്യമാകണമെന്നില്ല.

ഒരു വിദ്യാർഥിനി പറയുന്നു: ‘ഹുദൂറിന്റെ പ്രഭാഷണം ഒരു പുതിയ വികാരം നമ്മളിൽ സൃഷ്ടിച്ചിരിക്കുന്നു. ഇവിടെ വന്നതിൽ എനിക്ക് അഭിമാനം തോന്നുന്നു. നാമെല്ലാവരും മനുഷ്യരാണെന്ന് ഹുദൂർ പറയുകയുണ്ടായി. അതുകൊണ്ട് ഹുദൂർ പറയാൻ ആഗ്രഹിച്ചത് നാമെല്ലാവരും ഒരു പോലെ മനുഷ്യരാണെന്നും അതിനാൽത്തന്നെ പരസ്പരം ഒരു വിധത്തിലുമുള്ള വെറുപ്പും പുലർത്തേണ്ട ആവശ്യമില്ലെന്നുമാണ്. നമ്മൾ നമ്മുടെ ഭാവി തലമുറയ്ക്കുവേണ്ടി പ്രവർത്തിക്കേണ്ടതുണ്ട്. എനിക്ക് ഇക്കാര്യങ്ങളെല്ലാം വിശ്വസത്തിന് വർധന നല്കുന്നതായിരുന്നു. വളരെയധികം സ്വാധീനം ചെലുത്തിയ പ്രഭാഷണമായിരുന്നു.’

ക്യാപ്റ്റൻ ജോസഫ് കോങ്കർ(Conger) തന്റെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: ‘കഴിഞ്ഞ കുറച്ചു കാലമായി എനിക്ക് ജമാഅത്തുമായി ബന്ധമുണ്ട്. ഇത് വളരെയധികം സഹകരണം നല്കുന്ന ജമാഅത്താണ്. ഈ പ്രോഗ്രാം വമ്പിച്ച വിജയമായിരുന്നു. ഹുദൂറിന്റെ പ്രഭാഷണം വളരെ ആകർഷണീയമായിരുന്നു. സമാധാന നിർഭരമായ സമൂഹത്തിന്റെ നിർമിതിക്ക് ശ്രേഷ്ഠമായ നേതൃത്വത്തിന്റെ ആവശ്യമുണ്ട്. ഹുദൂറിന്റെ സാന്നിധ്യം അതു പോലെയാണ്.

സെക്രട്ടറി ഓഫ് സ്റ്റേറ്റ് ജോൺ റോബിൻ സ്മിത്ത് (John Robin Smith)പരിപാടിക്കുശേഷം തന്റെ അനുഭവം ഇങ്ങനെ വിവരിച്ചു: ‘ഹുദൂറിനെ കണ്ടത് വളരെ നല്ലതായി. ഡിന്നറിന്റെ സമയത്ത് ഹുദൂറിന്റെ വളരെയടുത്ത് ഇരിക്കാൻ കഴിഞ്ഞതും എനിക്ക് ലഭിച്ച വലിയ ആദരവാണ്. മറ്റൊരു ഭാഗത്ത് ഹുദൂറിന്റെ സഹോദരനും ഇരിക്കുന്നുണ്ടായിരുന്നു. എനിക്ക് അവരിരുവരോടും സംസാരിക്കാൻ അവസരം ലഭിച്ചിരുന്നു. സമാധാനത്തിന്റെ സംസ്ഥാപനം, ഇതര മതങ്ങളെ ആദരിക്കൽ ഒരു ഗംഭീര സന്ദേശമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇതര മതങ്ങളുമായി ബന്ധപ്പെടുന്നത് വളരെ ഫലദായകമായിരുന്നു എന്ന് കഴിഞ്ഞ നാല് വർഷമായി എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. ഹുദൂർ നല്കിയ ഉപദേശങ്ങൾ സമാധാനസ്ഥാപനത്തിനും സമൂഹത്തിന്റെ ഉന്നതിക്കും അടിസ്ഥാന പങ്ക് വഹിക്കുന്നതാണ്. ചില അവസരങ്ങളിൽ നമ്മുടെ സമൂഹത്തിന് ബുദ്ധിമുട്ടുകളും ഉണ്ടാകാറുണ്ട്. എന്നാൽ, നല്ല കാര്യങ്ങളും നടക്കാറുണ്ട്. ഇന്ന് നടന്നതു പോലെയുള്ള പരിപാടികൾ സമൂഹത്തിൽ സമാധാന സംസ്ഥാപനത്തിന് ഒഴിവാക്കാൻ പറ്റാത്തതാണെന്നാണ് എന്റെ അഭിപ്രായം. സമൂഹത്തിൽ സമാധാനം സ്ഥാപിക്കുന്നതിന്ന് ഹുദൂർ നല്കിയ സന്ദേശം എല്ലാ വശങ്ങളും ഉൾക്കൊള്ളുന്നതാണ്.

ഒരു പാതിരി ഫാദർ ജോയും(Joe) ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു:‘നിങ്ങളുടെ ഖലീഫയുടെ വ്യക്തിത്വത്തിൽ ഞാൻ വളരെ ആകൃഷിതനാണ്. അദ്ദേഹത്തിന്റെ വരവോടെ അന്തരീക്ഷത്തിൽ ഒരു വിസ്മയ സ്വാധീനം സംജാതമായിരുന്നു. അദ്ദേഹത്തിന്റെ സന്ദേശം ആത്മാർഥതയും സ്നേഹവും നിറഞ്ഞതായിരുന്നു. ഇന്ന് ബാങ്കും കേട്ടു. ഇത് ഹൃദയത്തിൽ ആഴത്തിൽ സ്പർശിച്ചു. ഹുദൂറിന്റെ സന്ദേശം സുപ്രധാനമാണ്. ഇത് തികച്ചും അവസരോചിതമായ പരിപാടിയായിരുന്നു. പ്രഭാഷണ സമയത്ത് ഹുദൂറിന്റെ ഓരോ വാക്കിനോടും ഞാൻ യോജിക്കുന്നുണ്ടായിരുന്നു. കാരണം ഞാൻ ബാൾട്ടിമോറിലെ അഹ്മദിയ്യാ മസ്ജിദിൽ പല പ്രാവശ്യം പോയിട്ടുള്ളതാണ്. ഹുദൂർ പറയുന്ന ഓരോ കാര്യവും അവരുടെ ഇതര മസ്ജിദുകളിലും നടന്നു കൊണ്ടിരിക്കുന്നതായി എനിക്ക് ഉറപ്പോടെ പറയാൻ കഴിയും. അഹ്മദിയ്യാ മസ്ജിദ് എല്ലാവർക്കുവേണ്ടിയും തുറന്നു കിടക്കുന്നു. ഞാൻ പല അവസരങ്ങളിലും ജുമുആക്കും പോകാറുണ്ട്. ഖലീഫ പറഞ്ഞതുപോലെയുള്ള പ്രവർത്തനങ്ങളുടെ സാക്ഷിയാണ് ഞാനും. ഇക്കാര്യങ്ങളെല്ലാം കേട്ടതിൽ എനിക്ക് അതിയായ സന്തോഷം തോന്നുന്നു. വിവിധ മതങ്ങളുമായി ബന്ധപ്പെട്ടവർ ഇവിടെ ഒത്തുകൂടി സമാധാനത്തിനു വേണ്ടി സംസാരിക്കുന്നു. ഇതു തന്നെയാണ് ഈ പട്ടണത്തിന്റെ ആവശ്യം. മാത്രമല്ല മുഴുലോകത്തിനും ഇതിന്റെ ആവശ്യമുണ്ട്. ഞാൻ ഖലീഫയിലും അഹ്മദിയ്യാ ജമാഅത്തിലും വളരെയേറെ ആകൃഷ്ടനാണ്. ഇത്തരത്തിലുള്ള ധാരാളം അവസരങ്ങൾ ഉണ്ടാകണമെന്ന് ഞാനാശിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന് അവരുടെ പ്രവർത്തനപരമായ മാതൃകയിലൂടെ സമൂഹത്തെ സമാധാന നിർഭരമാക്കി മാറ്റാൻ സാധിക്കുമാറാകട്ടെ.

ഒരു വനിത അതിഥി പറയുന്നു: പ്രഥമമായി പറയാനുള്ളത് ഈ സായാഹ്നം വളരെ ഗംഭീരമായിരുന്നുവെന്നാണ്. ഹുദൂറിന്റെ സാന്നിധ്യം വേദനാ നിർഭരമാണ്. അദ്ദേഹത്തിന്റെ ഓരോ വാക്കും ഞാൻ ആസ്വദിക്കുന്നുണ്ടായിരുന്നു. ഞാൻ പല പ്രാവശ്യം മസ്ജിദിൽ പോയിട്ടുണ്ട്. ഹുദൂറിന്റെ വാക്കുകൾ കേൾക്കുമ്പോൾ ഹൃദയത്തിൽനിന്നാണ് സംസാരിക്കുന്നതെന്ന് തോന്നുന്നു. അദ്ദേഹം മസ്ജിദിനെ ശാന്തിയുടേയും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ഗേഹം എന്നാണ് വിശേഷിപ്പിച്ചത്. ഞാനതിന്ന് സാക്ഷിയാണ്. ഇവിടെ വന്നതിൽ എനിക്ക് അതിയായ സന്തോഷം തോന്നുന്നു. ഞാൻ പല ലോക നേതാക്കളേയും കണ്ടിട്ടുണ്ട്. എന്നാൽ, ഹുദൂറിന്റെ വ്യക്തിത്വത്തിൽ ഒരു ആകർഷണമുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ ഹൃദയത്തിൽനിന്ന് പുറപ്പെടുന്നതായാണ് തോന്നിയിട്ടുള്ളത്. ഏറ്റവും വലിയൊരു കാര്യം ഒരു രഹസ്യ രാഷ്ട്രീയ അജണ്ടയും ഇവരിൽ ഇല്ല എന്നുള്ളതാണ്. അങ്ങ് എന്തൊന്നാണോ പറയുന്നത് അത് ഹൃദയത്തിലെ മോഹമാണ്. ഈ വ്യക്തി പറയുന്നതെന്താണോ അത് അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ ശബ്ദമാണെന്ന് തോന്നുന്നുണ്ടായിരുന്നു. ഹുദൂർ അങ്ങേയറ്റം ആർദ്ര മനസ്സിന്റെ ഉടമയാണ്.വളരെ മൃദുലതയോടെ സംസാരിക്കുന്ന വ്യക്തിയാണദ്ദേഹം. യഥാർഥത്തിൽ ലോകത്ത് സമാധാനം ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. അതിൽ മറയ്ക്ക് പിന്നിൽ മറ്റ് രഹസ്യ അജണ്ടകളൊന്നുമില്ല.

ബാൾട്ടിമോർ കാഥറിന് പഗ് (Catherine Pugh) തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ വ്യക്തമാക്കി: ഹുദൂറിനെ കാണാൻ കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ പ്രഥമമായി മനസ്സിലാക്കാൻ കഴിഞ്ഞ ഒരു കാര്യം അദ്ദേഹത്തിന്റെ സാന്നിധ്യം ഒരു ആത്മീയ അന്തരീക്ഷം സൃഷ്ടിക്കുന്നു എന്നുള്ളതാണ്. അദ്ദേഹം സമാധാനത്തെ കുറിച്ചാണ് സംസാരിച്ചത്. ഇക്കാലഘട്ടത്തിന് തികച്ചും അനുയോജ്യമായ സന്ദേശമായിരുന്നു ഇത്. നമ്മുടെ പട്ടണത്തിൽ മാത്രമല്ല നമ്മുടെ സ്റ്റേറ്റിനും പിന്നീട് യൂ.എസ്.എയ്ക്കും മുഴുലോകത്തിനും ഈ സന്ദേശത്തിന്റെ ശക്തിമത്തായ ആവശ്യമുണ്ട്. ഈ സന്ദേശം എല്ലാവരും കേൾക്കേണ്ടതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേൾക്കുകയാണെങ്കിൽ നമുക്ക് മനസ്സിലാകും, ലോകത്തിന്റെ പ്രശ്നത്തിനുള്ള ഒരേ ഒരു പരിഹാരം സമാധാനം മാത്രമാണെന്ന്. നമ്മൾ പരസ്പരം സ്നേഹിക്കാൻ പഠിക്കും. എനിക്ക് ഇന്നിവിടെ വന്നിട്ട് ഹുദൂറിനെ കണ്ടതിനുശേഷം വളരെ സന്തോഷം തോന്നുന്നു. എല്ലാവരേയും ഒരുമിപ്പിച്ചുകൊണ്ട് പ്രവർത്തിക്കാൻ ഹുദൂർ നല്കിയ ആഹ്വാനം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. നിഷേധിക്കപ്പെട്ടവർക്കുവേണ്ടി നമ്മൾ എന്ത് നീക്കമാണോ നടത്തുന്നത് അതിന്റെ സ്വാധീനം നമ്മുടെ മേലിൽത്തന്നെ പതിക്കുന്നതാണ്. പ്രത്യക്ഷമായ ഐക്യവും സാഹോദര്യവും നിലനിറുത്താൻവേണ്ടി നല്കിയ സന്ദേശം നാമേവർക്കും സുപ്രധാനമാണ്. നമ്മുടെ സമൂഹത്തിൽ ആയുധങ്ങൾ സർവസാധാരണമായിരിക്കുന്നു. നമ്മൾ പരസ്പരം ശിക്ഷണം നടത്തണം. ജീവിതം മൂല്യവത്തുള്ളതാണെന്ന് പരസ്പരം മനസ്സിലാക്കി കൊടുക്കണം. നമ്മൾ അതിന് വിലനല്കുന്നവരാകണം. പരസ്പരമുള്ള അവകാശങ്ങളെ കുറിച്ച് ബോധ്യം ഉണ്ടാകണം. ഇപ്രകാരം സമാധാന സംസ്ഥാപനം സുസാധ്യമാണ്.

ഒരു ന്യൂറോളജിസ്റ്റ് റോബർട്ട് ഡ്യൂബെറി(Robert Dewberry) പറയുന്നു: ‘എനിക്കിവിടെ എത്തി വളരെ ആസ്വദിക്കാൻ കഴിഞ്ഞു. നിങ്ങളുടെ ആത്മീയ ഇമാമിന്റെ പ്രഭാഷണം വളരെ ധൈര്യം നല്കുന്നതും ഹൃദയങ്ങൾക്ക് പുതുമ നല്കുന്നതുമാണ്. ഖലീഫ ആഗോള സന്ദേശമാണ് നല്കിയത്. ഒറ്റവാക്കിൽ ഖലീഫയുടെ വ്യക്തിത്വത്തെ സമീകരിച്ചാൽ അടിമുടി സമാധാനം എന്ന് പറയാം.(തുടരും)

(2019 ജനുവരി 31 ബദ്ർ വീക്കിലി)




**അല്ലാഹുവിന്റെ കലാം:**

**‘നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.’**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**‘ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.’**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

(പേജ് 2ൽനിന്ന്)

സത്യമായ സ്നേഹത്തോടും അത്യാശയോടും കൂടിയ തീരുമാനത്തോടെയും അതവർക്ക് എളുപ്പമായിത്തീരും. അവർ കളവ് വർജിക്കും. എല്ലാ അനഭിലഷണീയമായ ഓരോ കാര്യത്തിൽനിന്നും മുഖം തിരിക്കാനുള്ള ശക്തി അവർക്ക് നൽകപ്പെടും. സർവ്വശക്തനായ അല്ലാഹു അവന്റെ സമഗ്രമായ കാരുണ്യംകൊണ്ട് അവരെ സംരക്ഷിക്കുന്നു. നാശത്തിലേക്ക് നയിക്കാവുന്ന എല്ലാ അവസ്ഥകളിൽനിന്ന് അവരെ സംരക്ഷിക്കുന്നു. എന്തെന്നാൽ, അവർ ലോകത്തിന്റെ പ്രകാശമാണ്. അവരു ടെ സംരക്ഷണത്തിലാണ് ലോകത്തിന്റെ സംരക്ഷണം നിലകൊള്ളുന്നത്. അവരുടെ നാശം എന്നാൽ, ലോകത്തിന്റെ നാശമാണ്. ഇക്കാരണത്താൽ അവർ ഓരോ ചിന്തയിലും അറിവിലും ഗ്രാഹ്യശക്തിയിലും, കോപത്തിലും വികാരത്തിലും ഭയത്തിലും അത്യാഗ്രഹത്തിലും, ഇടുക്കത്തിലും സമൃദ്ധിയിലും സന്തോഷത്തിലും ദുഃഖത്തിലും കഷ്ടപ്പാടിലും ദുഷിച്ച ചിന്തകളിലും തെറ്റായ അറിവിലും ശരിയല്ലാത്ത സ്വഭാവത്തിലും മാർഗഭ്രംശം വന്ന ചിന്തകളിലും ഞാനെന്ന ഭാവത്തിന്റെ ആധിക്യത്തിലും സുരക്ഷിതരായിരിക്കുന്നു. അനഭിലഷണീയമായ ഒരു കാര്യത്തിലും അവർ കാലുറപ്പിക്കുകയില്ല. എന്തെന്നാൽ സർവ്വശക്തനായ അല്ലാഹു അവരുടെ പരിഷ്കരണത്തിന്റെ കാര്യം സ്വയം ഏറ്റെടുത്തിരിക്കുന്നു. അവരുടെ പരിശുദ്ധവൃക്ഷത്തിൽ ഒരു ശാഖയെങ്കിലും ഉണങ്ങിപ്പോകുന്നതായി അവൻ നിരീക്ഷിച്ചാൽ അവന്റെ ഔദാര്യപൂർവ്വമായ കൈകൊണ്ട് അവൻ അത് മുറിച്ചുമാറ്റുന്നു.

ദൈവത്തിന്റെ പിന്തുണ ഓരോ നിമിഷവും അവരെ നോക്കിപ്പാർക്കുന്നു. അവർക്ക് നല്കപ്പെടുന്ന ഈ സംരക്ഷണത്തിന്റെ അനുഗ്രഹം തെളിവില്ലാത്തതല്ല. അതിനെ സംബന്ധിച്ച് ബുദ്ധിമാനായ വ്യക്തിക്ക് കുറഞ്ഞകാലം അദ്ദേഹത്തോടൊപ്പം അപ്പം കഴിക്കാൻ കഴിഞ്ഞാൽ സംതൃപ്തനാകാൻ സാധിക്കും.

മറ്റൊരു മഹത്തായ അനുഗ്രഹം അല്ലാഹുവിലുള്ള അവരുടെ 'തവക്കുൽ' ആണ്. അതിലവർ ഉറച്ച നിലയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ പരിശുദ്ധ ഉറവിടം അവർക്കല്ലാതെ മറ്റാർക്കും ലഭ്യമല്ല. അതവർക്കുവേണ്ടി സംതൃപ്തവും അനുയോജ്യവുമാക്കിയിരിക്കുന്നു. ഗ്രാഹ്യശക്തിയുടെ പ്രകാശം അവർക്ക് എങ്ങനെയുള്ള പിന്തുണയാണ് നല്കിയിരിക്കുന്നതെന്നാൽ പലപ്പോഴും ഒരു വിഭവുമില്ലാതെ സാധാരണമായ ഒരു മാർഗവുമില്ലാതെ അവർ ആഹ്ലാദകരമായ ജീവിതം നയിക്കുന്നു. അവരുടെ ദിനങ്ങൾ സമൃദ്ധിയിൽ കഴിച്ചുകൂട്ടുന്നു; അവരുടെ കൈവശം ആയിരക്കണക്കിന് നിധികളുണ്ടെന്നതുപോലെ അവരുടെ മുഖം ധനത്തിന്റെ പുതുമ പ്രദർശിപ്പിക്കുന്നു. സമ്പന്നരുടെ സ്ഥൈര്യം അവർ കാണിക്കുന്നു. കഷ്ടപ്പാടിന്റെ അവസരങ്ങളിൽ അവർക്ക് സമഗ്രമായ തവക്കുൽ(സമർപണം) ഉണ്ടാകുന്നു. അതോടൊപ്പം അവർക്ക് ശുഭാപ്തിവിശ്വാസമുള്ള ഹൃദയവും സമഗ്രമായ ദൃഢനിശ്ചയവുമുണ്ടാകുന്നു. അവർ ത്യാഗമനോഭാവമുള്ളവരും അവരുടെ പെരുമാറ്റം ജനസേവനപരമായതുമാണ്. മുഴുവൻ ലോകവും അവരുടെ കുടുംബാംഗങ്ങളായാൽപോലും അവർക്ക് ഇടുക്കം അനുഭവപ്പെടുകയില്ല. അവർ സർവ്വശക്തനായ അല്ലാഹുവിനോട് കൃതജ്ഞതയുള്ളവരാണ്. ഓരോ അവസരത്തിലും അവൻ അവരുടെ വൈകല്യങ്ങളെ മറയ്ക്കുന്നു. അവർക്കുമേൽ ഇറങ്ങുന്ന താങ്ങാൻ കഴിയാത്ത ദുരിതം അവരുടെമേൽ ആപതിക്കുമ്പോൾ അവർ ദൈവികസംരക്ഷണത്തിലായിരിക്കും. എന്തെന്നാൽ എല്ലാ സാഹചര്യങ്ങളിലും അല്ലാഹുവാണ് അവരുടെ രക്ഷിതാവ്. അല്ലാഹു സ്വയംതന്നെ പറയുന്നു: *സദ്വൃത്തർക്ക് അവൻ സംരക്ഷണം നല്കുന്നു.* (7:197)

മറ്റുള്ളവർ ലൗകികമായ വസ്തുക്കളെ അഭിമുഖീകരിക്കുന്ന വേദനാജനകമായ യത്നത്തിൽ വിട്ടേക്കപ്പെടുന്നു. ഈ ജനങ്ങൾക്ക് നല്കപ്പെടുന്ന അസാധാരണമായ പെരുമാറ്റം മറ്റാർക്കും നല്കപ്പെടുന്നില്ല. അവരുടെ ഈ സവിശേഷത അവരുമായി കൂടിക്കഴിയുന്നവർക്ക് വളരെ വേഗത്തിൽ തെളിഞ്ഞുവരുന്നു.

മറ്റൊരനുഗ്രഹം വിശുദ്ധഖുർആന്റെ പരിപൂർണ അനുയായികൾക്കുള്ള വ്യക്തിപര ദൈവസ്നേഹമാണ്. ദൈവസ്നേഹം അവരിൽ നിറഞ്ഞിരിക്കുന്നു, എത്രത്തോളമന്നാൽ അത് അവരുടെ അസ്തിത്വത്തിന്റെ കഴമ്പായിത്തീരുന്നു. അതവരുടെ ജീവിതത്തിന്റെ യാഥാർഥ്യമാവുന്നു. സത്യവാനായ പ്രിയങ്കരനോടുള്ള അത്ഭുതകരമായ സ്നേഹം അവരുടെ ഹൃദയങ്ങളിൽ പതഞ്ഞുപൊങ്ങുന്നു. അസാധാരണമായ ഒരു ബന്ധവും ജിജ്ഞാസയുടെ അവരുടെ പരിശുദ്ധഹൃദയങ്ങളിൽ സ്ഥാനം പിടിക്കുന്നു. അത് മറ്റുള്ളവരിൽനിന്ന് അവരെ ആകപ്പാടെ അവരെ വേർപ്പെടുത്തുന്നു. ദൈവസ്നേഹത്തിന്റെ അഗ്നിയിൽ അവർ കത്തിക്കപ്പെടുന്നു. ചില പ്രത്യേക അവസരങ്ങളിൽ അവരുമായി കൂടിക്കഴിയുന്നവർക്ക് സ്പർശിക്കത്തക്കവിധം അത് അനുഭവവേദ്യമായിത്തീരുന്നു. അത് മറച്ചുവയ്ക്കാൻ ഏതെങ്കിലും പദ്ധതിയോ തന്ത്രമോ പ്രയോഗിക്കുക അവർക്ക് അസാധ്യമായിത്തീരുന്നു. ഭൗതികരായ പ്രണയികൾക്ക് അവർ സ്നേഹിക്കുന്നവരോട് ഒന്നും മറച്ചുവയ്ക്കാൻ സാധിക്കാത്തതുപോലെ, തന്റെ പ്രേമഭാജനത്തെ രാപകൽ കാണാൻ കൊതിക്കുന്നതുപോലെ! അവരുടെ സ്നേഹം അവരുടെ സംസാരത്തിലും നോട്ടത്തിലും അവരുടെ ഭാവത്തിലും പ്രകൃതിയിലും തുളച്ചുകയറുന്നു. അവരുടെ അസ്തിത്വത്തിന്റെ ഓരോ അണുവിലും അതു പ്രകടമാകുന്നു. അത് രഹസ്യമാക്കിവയ്ക്കാൻ സാധ്യമല്ല. എന്തുതന്നെ അവർ ചെയ്തേക്കാമെങ്കിലും അതിന്റെ ചില അടയാളം വഞ്ചിക്കപ്പെടുന്നു.

അവരുടെ ആത്മാർഥതയുടെ ഏറ്റവും വലിയ അടയാളമെന്തെന്നാൽ തന്റെ പ്രേമഭാജനത്തിന് മറ്റെന്തിനേക്കാളും മുൻഗണന നൽകുന്നു. അവർ എന്തെങ്കിലും കഷ്ടപ്പാട് അനുഭവിക്കുമ്പോൾ തങ്ങളുടെ അപ്രതിരോധ്യമായ സ്നേഹം കാരണം അവയെ അനുഗ്രഹങ്ങളെന്നോണം വീക്ഷിക്കുന്നു. പീഢനം അവർക്ക് മധുരപാനീയമായിത്തീരുന്നു. ഒരു മൂർച്ചയേറിയ വാളിനും അവരും അവരുടെ പ്രിയങ്കരരും തമ്മിലുള്ള ബന്ധം വേർപ്പെടുത്തുവാൻ സാധിക്കില്ല. ഒരത്യാപത്തിനും അവന്റെ സ്മരണയിൽനിന്ന് അവരെ തടഞ്ഞുനിറുത്താൻ സാധിക്കില്ല. അവരതിനെ അവരുടെ ജീവിതമായി കാണുന്നു. അവരതിൽ തങ്ങളുടെ ആനന്ദം കണ്ടെത്തുന്നു. അതിന്റെ അസ്തിത്വം തങ്ങളുടെ സ്വന്തം അസ്തിത്വമായി കരുതുന്നു. അവരത് തങ്ങളുടെ ജീവിതോദ്ദേശ്യമായി പരിഗണിക്കുന്നു. അവർ അവന്റെ ഓമനയാകുന്നു. അവനിൽ മാത്രം അവർ ആശ്വാസം കണ്ടെത്തുന്നു. അവർക്ക് ഈ ലോകത്തുള്ളത് അവൻ മാത്രമാണ്. അവർ പൂർണമായും അവന്റേതായിത്തീരുന്നു. അവർ അവനുവേണ്ടി ജീവിക്കുന്നു, അവനുവേണ്ടി മരിക്കുന്നു. അവർ ഈ ലോകത്തുണ്ടെങ്കിലും ലോകത്തിന്റെ പുറത്താണ്. അവർക്ക് സത്തയുണ്ടെങ്കിലും നിസ്വാർഥരാണ്. അവർക്ക് ബഹുമാനം, പേര്, ജീവിതം അല്ലെങ്കിൽ ആശ്വാസം എന്നിവയെ സംബന്ധിച്ച് ഉൽക്കണ്ഠയില്ല. ആ ഒരുവനുവേണ്ടി അവർ എല്ലാം നഷ്ടപ്പെടുത്തുന്നു. അവനെ കണ്ടെത്താൻ അവർ സർവ്വതും ത്യജിക്കുന്നു. മനസ്സിലാക്കാൻ സാധിക്കാത്ത ഒരു അഗ്നിയാൽ അവർ ദഹിപ്പിക്കപ്പെടുന്നു. എന്തുകൊണ്ടാണ് അവർ ദഹിപ്പിക്കപ്പെട്ടത് എന്ന് വിശദീകരിക്കാൻ സാധ്യമല്ല. ഓരോ താക്കീതിനും നേരെ അവർ ബധിരരും മൂകരുമാണ്. അവരതിൽ ആനന്ദം കണ്ടെത്തുന്നു.

സ്നേഹം ഒരാളെ അപമാനത്തിന്റെ പൊടിമണ്ണിൽ ഉരുട്ടുന്നു. സ്നേഹം ഒരാളെ ചുട്ടെരിക്കുന്ന അഗ്നിയിൽ ഇരുത്തുന്നു. ആരുംതന്നെ തന്റെ തലയോ ജീവനോ മറ്റൊരാൾക്ക് ത്യാഗം ചെയ്യുന്നില്ല. സ്നേഹം മാത്രമാണ് അങ്ങേയറ്റത്തെ ആത്മാർഥതയോടെ ഈ കഠിനജോലി ഒരാളെക്കൊണ്ട് ചെയ്യിക്കുന്നത്.

മറ്റൊരു അനുഗ്രഹമെന്നത്, ഔദാര്യം, ധൈര്യം, ജീവത്യാഗം, ഉന്നതതീരുമാനം, സഹാനുഭൂതി, സഹനം, മിതത്വം, സൗഹൃദം തുടങ്ങിയ ഉന്നത ധാർമികഗുണങ്ങളാണ്. ഈ എല്ലാ ഗുണങ്ങളും ഏറ്റവും നല്ല രീതിയിൽ അവരാൽ പ്രദർശിപ്പിക്കപ്പെടുന്നു. വിശുദ്ധഖുർആനെ അനുധാവനം ചെയ്യുന്നതിന്റെ അനുഗ്രഹം മുഖേന അവരുടെ ജീവിതാവസാനംവരെ അവർ കൂറു പുലർത്തുന്നു. ഒരു നിർബന്ധിതാവസ്ഥയും അവരെ ഈ ഗുണങ്ങൾ പ്രദർശിപ്പിക്കുന്നതിൽനിന്ന് വിലക്കുന്നില്ല. സത്യമെന്താണെന്നുവെച്ചാൽ ഓരോ നല്ലഗുണവും അത് ബുദ്ധിപരമോ സ്വഭാവത്തെയും ധാർമികതയെയും ബാധിക്കുന്നതോ ആവട്ടെ, മനുഷ്യൻ പ്രകടിപ്പിക്കുന്നത് മാനുഷികമായ കഴിവുകൊണ്ടല്ല. **(തുടരും)**

---

(പേജ് 1ൽനിന്ന്)

വിയുടേയും ഓർമക്കേടിന്റേയും സമന്വയമാണ് മനുഷ്യൻ. അതുകൊണ്ട് ചില ആഗ്രഹങ്ങൾ ദ്രോഹപരമായിരിക്കേണ്ടതാണ്; ദ്രോഹപരമാണ്. അല്ലാഹു അത് സമ്മതിക്കുകയാണെങ്കിൽ ഇക്കാര്യം കരുണയുടെ സ്ഥാനമാനത്തിന് തികച്ചും വിരുദ്ധമായിരിക്കും. അല്ലാഹു തന്റെ ദാസരുടെ ദുആ കേൾക്കുന്നുവെന്നത് സത്യവും ദൃഢഗാഢപരമായ ഒരു കാര്യവുമാണ്. അതിന് സ്വീകാര്യം പ്രദാനം ചെയ്യുന്നു; എന്നാൽ, പച്ചയോ ഉണങ്ങിയതോ ആയ എല്ലാത്തിനേയുമല്ല! ആത്മാവിന്റെ ആവേശത്തള്ളിച്ച കാരണത്താൽ മനുഷ്യൻ പര്യവസാനവും അന്ത്യഫലവും കാണുന്നില്ല. ദുആയും ചെയ്യുന്നില്ല. എന്നാൽ, യഥാർഥ നന്മ ആഗ്രഹിക്കുന്നവനും അന്ത്യഫലം അറിയുന്നവനുമായ അല്ലാഹു ദുആ സ്വീകരിച്ചാൽ ആ മനുഷ്യനുണ്ടാകുന്ന കെടുതികളും ദുഷ്ഫലങ്ങളും മുന്നിൽകണ്ട് അതിനെ തടയുന്നു. ഈ തടയപ്പെടുന്ന ദുആ തന്നെയാണ് അയാളുടെ ദുആസ്വീകരിച്ചതായി മാറുന്നത്. മനുഷ്യൻ അപകടങ്ങളിൽനിന്നും വിഷമങ്ങളിൽനിന്നും സുരക്ഷിതനാകാൻവേണ്ടി ചെയ്യുന്ന ദുആകൾ അല്ലാഹു സ്വീകരിക്കുന്നു. എന്നാൽ, അവന് ദ്രോഹമുണ്ടാകുന്ന ദുആകൾ തടയുകയും ചെയ്യുന്നു. എനിക്ക് ഉജീബു കുല്ലു ദുആഇക്ക് എന്ന ദുആ പലപ്രാവശ്യം ഇൽഹാം ഉണ്ടായിട്ടുണ്ട്. മറ്റു വാക്കുകളിൽ ഇങ്ങനെ പറയാം യഥാർഥത്തിൽ ഉപകാരപ്രദവും ഫലം ചെയ്യുന്നതുമായ ദുആ സ്വീകരിക്കപ്പെടുന്നതായിരിക്കും. ഈ വിചാരം ഞാനെന്റെ മനസ്സിൽ കാണുമ്പോൾ എന്റെ ആത്മാവ് ആനന്ദംകൊണ്ടും സന്തോഷംകൊണ്ടും നിറയുന്നു. എനിക്ക് ആദ്യമായി ഈ ഇൽഹാമുണ്ടായപ്പോൾ ഏകദേശം ഇരുപത്തഞ്ച് മുപ്പത് വർഷമാകുന്നു എന്നേയും എന്റെ സഹോദരങ്ങളേയും സംബന്ധിച്ചുള്ള ദുആ തീർച്ചയായും സ്വീകരിക്കുന്നതായിരിക്കും എന്നറിഞ്ഞപ്പോൾ വളരെ സന്തോഷമുണ്ടായി. ഇക്കാര്യത്തിൽ പിശുക്ക് കാണിക്കാൻ പാടില്ലെന്ന് പിന്നീട് ഞാൻ വിചാരിച്ചു. കാരണം ഇതൊരു ദൈവിക ഉപഹാരമാണ്. അല്ലാഹു മുത്തഖീങ്ങളുടെ സവിശേഷ ഗുണത്തിൽ പറഞ്ഞിരിക്കുന്നു *വ മിമ്മാ റസഖ്നാഹും യുൻഫിഖൂൻ*(2:4) അതിനാൽ ഞാനെന്റെ സ്നേഹിതന്മാർക്കുവേണ്ടി അടിസ്ഥാനമാക്കിവച്ചിരിക്കുകയാണ്; അവർ ഓർമിപ്പിച്ചാലും ഇല്ലെങ്കിലും എന്തെങ്കിലും ഗൗരവാവഹമായ കാര്യം അവതരിപ്പിച്ചാലും ഇല്ലെങ്കിലും അവരുടെ ആത്മീയവും ഭൗതികവുമായ ഗുണത്തിനുവേണ്ടി ദുആ ചെയ്യുന്നു.(മൽഫൂദാത്ത് വാള്യം 1, പേജ് 89–92, 2018 ഖാദിയാൻ)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 14 November 2019 Issue-46

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഐവറികോസ്റ്റിന്റെ 17-ാമത് സാലാന ഇജ്തിമാഅ്

അൽഹംദുലില്ലാഹ്. ഈ വർഷം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഐവറികോസ്റ്റിന് 17-ാമത് സാലാന ഇജ്തിമാ 2019 ആഗസ്ത് 30, സെപ്തംബർ 1 തിയ്യതികളിൽ മഹ്ദിയാ ബാദിൽ (ആബീജാൻ) സംഘടിപ്പിക്കാൻ തൗഫീഖ് കിട്ടി. വൈജ്ഞാനികവും കായികവുമായ മത്സരങ്ങൾ അടങ്ങിയ ഈ മൂന്നു ദിവസത്തെ പരിപാടിയിൽ പങ്കെടുക്കാൻ രാജ്യത്തിന്റെ ദൂര സ്ഥലങ്ങളിൽനിന്ന് വന്ന ഖുദ്ദാം മാത്രമല്ല പ്രത്യുത ഇലക്ട്രോണിക് മീഡിയ മുഖേന രാജ്യത്തിന്റെയും ജനതയുടേയും അഭിവൃദ്ധിയ്ക്കുവേണ്ടി ഇസ്‌ലാമിന്റെ നിർമാണപരമായ പങ്കിന്റെ ഒരു മിന്നിലാട്ടം പൊതുജനങ്ങളെ കാണിക്കാനും അവസരം കിട്ടി. അൽഹംദുലില്ലാഹ്.

കഴിഞ്ഞവർഷങ്ങളിലേതുപോലെ ഈ വർഷവും സാലാന ഇജ്തിമാഇനു മുമ്പേ തർബിയ്യത്ത് ക്ലാസ് സംഘടിപ്പിച്ചു. ഇതിൽ രാജ്യത്തെ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന മുപ്പതിലധികം ഖുദ്ദാം പങ്കെടുത്തു. തർബിയ്യത്ത് ക്ലാസിന് ഖുദ്ദാം ആഗസ്ത് 14ന് മഹദിയാബാദിലെത്തി. ആഗസ്ത് 15ന് ക്ലാസ് ആരംഭിച്ചു. ഇതിൽ ഖുദ്ദാമിന്റെ തഅ്ലിം തർബിയ്യത്തിനുവേണ്ടി ലക്ചറുകൾക്കും ദർസുകൾക്കും ചോദ്യോത്തര സദസ്സുകൾക്കും പുറമെ ജമാഅത്തായ നമസ്കാരം കൃത്യസമയത്ത് അനുഷ്ഠിക്കുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ചു. ഇജ്തിമാഅ് ആഗസ്ത് 29 വ്യാഴാഴ്ച തുടങ്ങി. രാജ്യത്തെ റീജ്യണുകൾക്കു പുറമെ ഈ വർഷം അയൽരാജ്യങ്ങളായ ഘാന, ബുർക്കിനാ ഫാസോ (Burkina Faso), മാലി, നൈജീരിയായിൽനിന്നും സംഘമായി ആളുകളെത്തി. നൈജീരിയ സംഘത്തിൽ സ്വദ്ർ സാഹിബ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ നൈജീരിയായും ബുർക്കിനാ ഫാസോ (Burkina Faso) സംഘത്തിൽ നാഇബ് സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ബുർക്കിനോഫാസോയും പെടുന്നു.

ആഗസ്ത് 30ന് ജമാഅത്തായ തഹജ്ജുദ് നമസ്കാരത്തോടും ഫജ്ർ നമസ്കാരത്തോടുംകൂടി പരിപാടി ആരംഭിച്ചു. അതിനുശേഷം റീജ്യണൽ മിഷണറി സസ്സന്ദ്ര (sassandra) സാഹിബ് 'ഖാദിമെ അഹ്മദിയ്യത്തിന്റെ ഉത്തരവാദിത്വങ്ങൾ' എന്ന ശീർഷകത്തിൽ ദർസ് നല്കി. അതുകഴിഞ്ഞ് കോനേ ദാവൂദ് സാഹിബ് സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ലഘുഭാഷണത്തോടെ കായികമത്സരങ്ങളുടെ പ്രാഥമിക റൗണ്ട് ആരംഭിച്ചു. ഫുട്ബോൾ ഉൾപ്പെടെ വിവിധതരം വ്യക്തിപരവും സംഘപരവുമായ മത്സരങ്ങൾ പതിനൊന്നരമണിവരെ നടന്നു.

ഉച്ചയ്ക്ക് 12 മണിക്ക് ഇജ്തിമായിൽ പങ്കെടുത്ത എല്ലാവരും ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ഖുത്ബ ജുമുഅ എം.ടി.എയിലൂടെ നേരിട്ട് കേട്ടു. അതിനുശേഷം ഐവറികോസ്റ്റ് ഖാഇംമഖാം അമീറും മിഷണറി ഇൻചാർജുമായ മൻസ്വൂർ അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ ജുമുഅ നമസ്കാരം നിർവഹിക്കപ്പെട്ടു. തന്റെ ഖുത്ബ പ്രഭാഷണത്തിൽ ആദരണീയമായ 'മുഹർമാസം' കണക്കിലെടുത്ത് നബി(സ)തിരുമേനിയുടേയും അവിടത്തെ കുടുംബാദികളുടേയുംമേൽ ധാരാളമായി സ്വലാത്ത് ചൊല്ലാൻ ഉപദേശിച്ചു. ഇജ്തിമാഇന്റെ ഔദ്യോഗികമായ ഉദ്ഘാടനം വൈകുന്നേരം 4 മണിക്ക് നടന്നു. ഇതിന്റെ ആരംഭത്തിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പതാക സ്വദ്ർ സാഹിബ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഐവറികോസ്റ്റും, ഐവറികോസ്റ്റിന്റെ ദേശീയ പതാക ഐവറികോസ്റ്റ് ജമാഅത്തിന്റെ ഖാഇംമഖാം അമീറും ഉയർത്തി. തിലാവത്തെ ഖുർആനും ഫ്രാൻസീസി തർജമയ്ക്കും മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രതിജ്ഞയ്ക്കും അറബി ഖസീദയ്ക്കും ശേഷം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സ്വദ്റും ഖാഇംമഖാം അമീർ സാഹിബും ശ്രോതാക്കളെ സംബോധന ചെയ്തു. സാമൂഹികമായ എല്ലാ തിന്മകളിൽനിന്ന് പ്രത്യേകിച്ച് കളവിൽനിന്ന് രക്ഷപ്പെടാൻ ഖാഇം മഖാം അമീർ സാഹിബ് ഖുദ്ദാമിനെ ഉപദേശിച്ചു.

ഈ വർഷം ഇജ്തിമാഇന്റെ കേന്ദ്രവിഷയം 'സാമൂഹിക സാഹോദര്യവും സാമൂഹികമായ സ്ഥൈര്യത്തിന് ഖുദ്ദാമിന്റെ പങ്കും' എന്നതായിരുന്നു. ഇജ്തിമാഇന്റെ രണ്ടാം ദിവസം ബവാക്കെ റീജ്യന്റെ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദ് ബ്രാഹിമ ഫോഫാൻ(Brahima Fofana) സാഹിബ് പ്രസംഗിച്ചു. തന്റെ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: 'രാജ്യത്തിന്റേയും ജനതയുടേയും അഖണ്ഡതയ്ക്കും അഭിവൃദ്ധിയ്ക്കും വേണ്ടി ഇസ്‌ലാം അധികാരസ്ഥരെ അനുസരിക്കാനും എല്ലാതരത്തിലുള്ള നശീകരണ പ്രവർത്തനങ്ങളിൽനിന്ന് വിട്ടുനില്ക്കാനും പാഠം നല്കുന്നു. ഈ അവസരത്തിൽ ഐവറികോസ്റ്റിന്റെ Culture and Francophonie മന്ത്രിയുടെ ഉപദേഷ്ടാവ് Donissongo Soro സാഹിബും സന്നിഹിതനായിരുന്നു. അദ്ദേഹം തന്റെ ഹ്രസ്വഭാഷണത്തിൽ പറഞ്ഞു: 'ധാർമികമായ മൂല്യങ്ങളുടെ സംരക്ഷണമില്ലാതെ സമൂഹമോ ജനതയോ പുരോഗതി പ്രാപിക്കുകയില്ല. ഈ മൂല്യങ്ങളുടെ പുരോഗതിക്കുവേണ്ടി ഇജ്തിമാ പോലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതു നല്ല കാര്യമാണ്.' ഈ പരിപാടിയിൽ പങ്കെടുത്ത എല്ലാ അതിഥികളും ആർ.ടി.ഐ നാഷണൽ ടിവിയുടെ പ്രതിനിധികൾ ഉൾപ്പെടെ പിന്നീട് ഇജ്തിമാഇന്റെ അവസരത്തിൽ സംഘടിപ്പിച്ചിരുന്ന എക്സിബിഷൻ കണ്ടു. അത് ജമാഅത്തുപരമായ സാഹിത്യങ്ങളും മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ വിവിധ പരിപാടിയുടെ അവസരത്തിൽ എടുത്ത ഫോട്ടോകളും ഉൾപ്പെട്ടതായിരുന്നു.

ഇജ്തിമാഇന്റെ രണ്ടാം ദിവസം വൈജ്ഞാനികവും കായികവുമായ മത്സരങ്ങൾ നടന്നു. അതിൽ അത്ഫാലും ഖുദ്ദാമും മാത്സര്യത്തോടെ പങ്കെടുത്തു. മത്സരപരിപാടികൾ മൂന്നാം ദിവസം അതായത് സെപ്തംബർ 1ന് 10 മണിവരെ തുടർന്നു. 10 മണിക്ക് സമാപന പരിപാടി ആരംഭിച്ചു. ഈയവസരത്തിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഐവറികോസ്റ്റിന്റെ ഒരുവർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കപ്പെട്ടു. വൈജ്ഞാനികവും കായികവുമായ മത്സരങ്ങളിൽ സമ്മാനാർഹരായ ഖുദ്ദാം അത്ഫാലുകൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഈ വർഷവും മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ബവാക്കെ റീജ്യനാണ് സമ്മാന പതാക കരസ്ഥമാക്കിയത്. അതിനുശേഷം ഘാന, നൈജീരിയ, മാലി, ബുർക്കിനാ ഫാസോ (Burkina Faso)യിൽനിന്ന് വന്ന സംഘാംഗങ്ങൾ ഹ്രസ്വമായ ഭാഷണങ്ങൾ നടത്തി. തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു.

തന്റെ സമാപന പ്രഭാഷണത്തിൽ ഐവറികോസ്റ്റ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സ്വദ്ർ സാഹിബ് ഖുദ്ദാമിനോടും അത്ഫാലിനോടും വർഷം മുഴുവനുള്ള പരിപാടികളിൽ പൂർണമായും പങ്കെടുക്കണമെന്ന് ഉപദേശിച്ചു. അവസാനം ഖാഇംമഖാം അമീർ സാഹിബ് ഹ്രസ്വമായി പ്രസംഗിച്ചു. ദുആ ചെയ്യിച്ചു. ഇതോടെ ഇജ്തിമാ സമാപിച്ചു. ഇജ്തിമാഇന്റെ മൂന്നാം ദിവസവും തഹജ്ജുദ് നമസ്കാരത്തിനും അഞ്ചുനേര നമസ്കാരത്തിനും പുറമെ ദർസുകളും നടന്നിരുന്നു. രാജ്യത്തെ എല്ലാ റീജ്യണുകളിൽനിന്ന് 700-ൽ പരം ഖുദ്ദാമും അത്ഫാലും പങ്കെടുത്തു.

**മാധ്യമകവറേജ്:** രാജ്യത്തെ നാഷണൽ ടിവി ആർ.ടി.ഐ. ഇജ്തിമാഇന്റെ രണ്ടാം ദിവസത്തെ പരിപാടികളിൽ പങ്കെടുത്തു. ഇജ്തിമാഇന്റെ വാർത്ത സംപ്രേഷണം ചെയ്തു. ഇതുപോലെതന്നെ തദ്ദേശ റേഡിയോ ബി.സി.എമ്മും ഇജ്തിമാഇന്റെ കേന്ദ്ര ശീർഷകത്തിൽ നടന്ന പ്രസംഗം തത്സമയം സംപ്രേഷണം ചെയ്തു. അല്ലാഹു മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഐവറികോസ്റ്റിന്റെ ജ്ഞാനത്തിലും അറിവിലും അഭിവൃദ്ധി നല്കുമാറാകട്ടെ. അവരെ ശരിയായ അർഥത്തിൽ അഹ്മദിയ്യത്തിന്റെ ഖാദിം ആക്കുമാറാകട്ടെ. ആമീൻ. (റിപ്പോർട്ട്: സുൽത്വാൻ അഹ്മദ് വഡാഇച്ച്, മുബല്ലിഗ് ഐവറികോസ്റ്റ്)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

## 126-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 126-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2019 ഡിസംബർ 27,28,29(വെള്ളി,ശനി,ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു.ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹുനമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസ സാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനും വേണ്ടി ദുആ ചെയ്തു കൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

**(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)**

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin